


വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2014
ഒക്ടോബർ

Volume V Issue 61

Times of America Online Weekly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**


വിചാരകേരളം ▶ 3

ജോർജ് തഴക്കര



## മംഗൾയാൻ: അഭിമാനത്തിന്റെ നിമിഷം

സൈക്കിൾ കാരിയറിൽ റോക്കറ്റ് കെട്ടിവച്ചുകൊണ്ടാണ് 1963ൽ തുമ്പയിലെ വിക്ഷേപണത്തറയിലേക്ക് കൊണ്ടുപോയത്. ബാംഗ്ലൂരിലെ സ്പേസ് സെന്ററിലേക്ക് കാളവണ്ടിയിലാണ് 1981ൽ ഉപഗ്രഹം കൊണ്ടുപോയത്. അതൊരു ബ്ലാക് ആന്റ് വൈറ്റ് ചിത്രമായി നമ്മുടെ മനസ്സിലുണ്ട്. എന്നാൽ അര നൂറ്റാണ്ടുകൊണ്ട് ഇന്ത്യ ശാസ്ത്രരംഗത്ത് എത്രമാത്രം വളർന്നിരിക്കുന്നു. ലോകരാജ്യങ്ങളെ അതിശയിപ്പിക്കുന്ന വളർച്ച.



"ഈ ഭൂമുഖത്ത് ഇമ്മാതിരിയൊരു മനുഷ്യൻ രക്തമാംസങ്ങളോടെ ജീവിച്ചിരുന്നു എന്ന് വിശ്വസിക്കാൻ വരുംതലമുറകൾ തയ്യാറായില്ല എന്നു വരാം."
**ആൽബർട്ട് ഐൻസ്റ്റൈൻ**



മഹാത്മാവിന് രാഷ്ട്രത്തിന്റെ ആദരവ്..
ഫയൽചിത്രം

# തന്ത്രപ്രധാനബന്ധം ശക്തമാക്കുവാൻ ഇന്ത്യ-യുഎസ്. സംയുക്തധാരണ



*വാഷിംഗ്ടൺ:* ഇന്ത്യക്കും അമേരിക്കയ്ക്കും ഇടയിലുള്ള തന്ത്രപ്രധാന ബന്ധം ശക്തമാക്കുമെന്ന് ഇന്ത്യ-യുഎസ് സംയുക്ത പ്രസ്താവന.

തീവ്രവാദം സംയുക്തമായി എതിർക്കും. ആണവോർജ സഹകരണം ശക്തമാക്കും. മാതൃകാ ബന്ധം വികസിപ്പിക്കുമെന്നും ഇന്ത്യ-അമേരിക്ക ദർശന രേഖ പറയുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയും തമ്മിലുള്ള കൂടിക്കാഴ്ച ഒന്നര മണിക്കൂർ നീണ്ടുനിന്നു.

നയതന്ത്രസാമ്പത്തിക കാര്യങ്ങൾ കൂടിക്കാഴ്ചയിൽ സംസാര വിഷയങ്ങളായി. വൈറ്റ് ഹൗസിൽ പ്രസിഡന്റ് ഒബാമ മോദിക്കായി ഒരുക്കിയ അത്താഴവിരുന്നിനിടെയാണ് ഇരുവരും ചർച്ച നടത്തിയത്. നവരാത്രി വ്രതത്തിലായിരുന്നതിനാൽ മോദി ഭക്ഷണം കഴിച്ചില്ലെന്നാണു സൂചന. മോദിക്കൊപ്പം വിദേശകാര്യമന്ത്രി സുഷമ സ്വരാജ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത്ത് ഡോവൽ, വിദേശകാര്യ സെക്രട്ടറി സുജാത സിംഗ്, ഇന്ത്യൻ അംബാസിഡർ എസ് ജയ്ശങ്കർ എന്നിവരുമുണ്ടായിരുന്നു.

ഒബാമയ്ക്ക് പുറമെ യുഎസ് വൈസ് പ്രസിഡന്റ് ജോ ബൈഡൻ, സ്റ്റേറ്റ് സെക്രട്ടറി ജോൺ കെറി എന്നിവരും ഇന്ത്യൻ സംഘത്തെ സ്വീകരിച്ചു. അത്താഴവിരുന്ന് നടക്കുമ്പോൾ വൈറ്റ് ഹൗസിന് പുറത്ത് ഗുജറാത്തി കലാരൂപങ്ങളായ ഗർബയും ഭംഗ്രയും അവതരിപ്പിച്ചു.

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സഹകരണത്തിന്റെ ആഴം വെളിപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്രമോദിയും യുഎസ് പ്രസിഡന്റ് ബറാക് ഒബാമയും സംയുക്തമായി തയാറാക്കിയ ലേഖനം വാഷിംഗ്ടൺ പോസ്റ്റ് പത്രത്തിലെ എഡിറ്റോറിയൽ പേജിൽ പ്രസിദ്ധീകരിച്ചു. ജനാധിപത്യത്തിലും സ്വാതന്ത്ര്യത്തിലും വിശ്വസിക്കുന്ന രണ്ടു രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദമെന്ന രീതിയിലാണ് ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണത്തെക്കുറിച്ച് ലേഖനത്തിൽ പറഞ്ഞുതുടങ്ങുന്നത്.

## ഇന്ത്യൻ വംശജൻ പോർച്ചുഗലിൽ പ്രധാനമന്ത്രിസ്ഥാനാർഥി



*ലണ്ടൻ:* ഗോവയിൽ വേരുകളുള്ള അന്റോണിയോ കോസ്റ്റാ പോർച്ചുഗലിന്റെ പ്രധാനമന്ത്രിയാകാൻ സാധ്യത.

ലിസ്ബൺ ഗാന്ധി എന്നറിയപ്പെടുന്ന കോസ്റ്റയാണ് 2015ലെ തെരഞ്ഞെടുപ്പിൽ തങ്ങളുടെ പ്രധാനമന്ത്രി സ്ഥാനാർഥിയെന്നു മുഖ്യപ്രതിപക്ഷമായ സോഷ്യലിസ്റ്റ് പാർട്ടി അറിയിച്ചു. കോസ്റ്റയുടെ പിതാവ് ഒർലാൻഡോ കോസ്റ്റാ രവീന്ദ്രനാഥ് ടാഗോറിനെക്കുറിച്ച് നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.









9 മുതൽ

# ഗാന്ധിയൻ ദർശനത്തോടുള്ള വെല്ലുവിളി











അരുന്ധതി റോയി ഇവിടെ വന്ന് ഗാന്ധിജിയുടെ പേരിൽ ചൊരിഞ്ഞ അസഭ്യങ്ങൾ എന്നിൽ നടുക്കമാണ് ഉണ്ടാക്കിയത്
**സി.പി.നായർ** (മുൻ ചീഫ് സെക്രട്ടറി)

വിമർശിക്കുക, നിന്ദിക്കരുത്. നമ്മുടെ കുഞ്ഞുങ്ങൾക്ക് പറഞ്ഞുകൊടുക്കുക ഇങ്ങനെയൊരാളുണ്ടായിരുന്നുവെന്ന്
**സുഗതകുമാരി**

ഗാന്ധിത്തൊപ്പി വച്ചതിന്റെ പേരിലും ആരും ഗാന്ധിയനാകുന്നില്ല. മനസ്സിൽ ഗാന്ധി വേണം
**പ്രൊഫ.എൻ.രാധാകൃഷ്ണൻ**
(ഡയറക്ടർ, ഗാന്ധിഭവൻ)

ഗാന്ധിജിയുടെ ശബ്ദം വരും യുഗത്തിന്റേതാണ്
**ഡോ. എം.ആർ.തമ്പാൻ**
(ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)




## പൈലറ്റില്ലാ വിമാനം നടത്തിയ അക്രമണത്തിൽ നാലുപേർ കൊല്ലപ്പെട്ടു

*ഇസ്ലാമാബാദ്:* വടക്ക് പടിഞ്ഞാറൻ പാകിസ്ഥാനിൽ തീവ്രവാദികളെ ലക്ഷ്യം വച്ച് യുഎസ് പൈലറ്റില്ലാ വിമാനം നടത്തിയ അക്രമണത്തിൽ നാലു പേർ കൊല്ലപ്പെട്ടു. കൊല്ലപ്പെട്ടവർ എല്ലാം തന്നെ തീവ്രവാദികളാണ്. തെക്കൻ വസീരിസ്ഥാന്റെ ഗോത്ര മേഖലയായ കരീക്കോട്ടിലാണ് ആക്രമണം നടന്നത്. നിർത്തിയിട്ടിരുന്ന ഒരു ജീപ്പിന് നേരെയാണ് വിമാനത്തിൽ നിന്നും ആക്രമണം ഉണ്ടായത്. കൊല്ലപ്പെട്ട രണ്ടുപേർ പാകിസ്ഥാൻ സ്വദേശികളല്ല. മറ്റ് ഏതോ അറബ് രാജ്യത്ത് നിന്നുള്ളവരാണ്, കൊല്ലപ്പെട്ടവരെ കുറിച്ചുള്ള വിവരങ്ങൾ സൈന്യം ഇതുവരെയും പുറത്ത് വിട്ടിട്ടില്ല.

കഴിഞ്ഞ ബുധനാഴ്ച നടന്ന സമാന ആക്രമണത്തിൽ 10 തീവ്രവാദികൾ വസീരിസ്ഥാനിൽ കൊല്ലപ്പെട്ടിരുന്നു. വടക്കൻ വസീരിസ്ഥാനിൽ കേന്ദ്രീകരിച്ചിരിക്കുന്ന തീവ്രവാദികൾക്ക് നേരെയാണ് പൈലറ്റില്ലാ വിമാനങ്ങൾ നിലവിൽ ആക്രണം പ്രധാനമായും നടത്തുന്നത്.

## ഹോങ്കോംഗിനു പൂർണ സ്വാതന്ത്ര്യം ആവശ്യപ്പെട്ട് വൻ പ്രക്ഷോഭം



*ഹോങ്കോംഗ്:* ചൈനയിൽ നിന്ന് ഹോങ്കോംഗിനു പൂർണ സ്വാതന്ത്ര്യം നൽകണമെന്നാവശ്യപ്പെട്ട് നഗരത്തിലെ പ്രധാന റോഡ് ഉപരോധിച്ച് സ്വാതന്ത്ര്യാനുകൂലികൾ വൻ പ്രക്ഷോഭം നടത്തി. ഇവരെ പിരിച്ചുവിടാൻ പോലീസ് കണ്ണീർ വാതകം പ്രയോഗിച്ചു. സ്വാതന്ത്ര്യമാവശ്യപ്പെട്ടു സമരം നടത്തിയ വിദ്യാർഥികളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് 80, 000 ഓളം പ്രക്ഷോഭകാരികളാണു ചൈനീസ് വിരുദ്ധ മുദ്രാവാക്യങ്ങളുമായി പോലീസ് ബാരിക്കേഡുകൾ തകർത്ത് നഗരത്തിലൂടെ മുന്നേറിയത്. പ്രകടനം നടത്തരുതെന്നു ഹോങ്കോംഗ് ഭരണകൂടവും ചൈനീസ് നേതൃത്വവും നൽകിയ മുന്നറിയിപ്പ് അവഗണിച്ചാണു നിസഹകരണപ്രസ്ഥാന പ്രവർത്തകർ അണിനിരന്നത്.

റോഡ് ഉപരോധിച്ച പ്രക്ഷോഭകാരികൾക്കുനേരേ ലാത്തിചാർജ്ജും കുരുമുളക് സ്പ്രേയും കണ്ണീർവാതകവും പോലീസ് പ്രയോഗിച്ചു. 2005 നുശേഷം പ്രകടനക്കാർക്കുനേരേ ഹോങ്കോംഗ് പോലീസ് ഇന്നാണു കണ്ണീർവാതകം ആദ്യമായി പ്രയോഗിക്കുന്നത്.

ഗ്ലോസെസ്റ്റർ റോഡ്, ഹർകോർട്ട് റോഡ് എന്നിവയാണു പ്രക്ഷോഭകാരികൾ ഉപരോധിച്ചത്. പ്രക്ഷോഭകാരികളെ നിയമവിധേയമായ രീതിയിൽ കൈകാര്യം ചെയ്യുമെന്നു ഹോങ്കോംഗ് നേതാവ് ലിയൂംഗ് ചുൻ-യിംഗ് നേരത്തെ വ്യക്തമാക്കിയിരുന്നു. സ്നേഹത്തോടെയും സമാധാനത്തോടെയുമുള്ള കേന്ദ്ര പ്രവേശനം എന്നാണു പ്രക്ഷോഭത്തിനു പേരിട്ടിരിക്കുന്നത്. ഒരു രാജ്യം രണ്ട് ഭരണം എന്ന കരാർ പ്രകാരം 1997ൽ ആണ് ഹോങ്കോംഗ് ചൈനീസ് ഭരണത്തിനു കീഴിൽ വന്നത്.

എന്നാൽ, തങ്ങളുടെ നേതാവിനെ സ്വയം തെരഞ്ഞെടുക്കാൻ അനുവദിക്കണമെന്ന ഹോങ്കോംഗ് നിവാസികളുടെ ആവശ്യം കഴിഞ്ഞമാസം ചൈന നിരസിച്ചിരുന്നു. ഇതിനെത്തുടർന്ന് പൂർണ സ്വാതന്ത്ര്യവാദം നഗരത്തിന്റെ പലഭാഗത്തുനിന്നും ഉയർന്നു വന്നിരുന്നു. പഠിപ്പുമുടക്കൽ പ്രഖ്യാപിച്ച വിദ്യാർഥികൾ സ്വാതന്ത്ര്യ സമരം ആരംഭിച്ചു.

പ്രക്ഷോഭകാരികളുടെ ഒരു സംഘത്തെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് സ്വാതന്ത്ര്യാനുകൂലി ലീ ചുംഗ്-യാൻ പറഞ്ഞു. പിടിയിലായവരുടെ കൂട്ടത്തിൽ നേതാവ് ആൽബർട്ട് ഹു, എമിലി ലൂ എന്നിവരും ഉണ്ട്. ഹോങ്കോംഗ് പ്രക്ഷോഭം ചൈനീസ് നേതൃത്വത്തിനു വലിയ തലവേദനയാണു സൃഷ്ടിച്ചിരിക്കുന്നത്. 1989 ജൂൺ രണ്ടിലെ ടിയനാൻമെൻ സ്ക്വയർ സംഭവത്തിന്റെ നടുക്കുന്ന ഓർമകളിൽനിന്നു ചൈന ഇതുവരെ മുക്തി നേടിയിട്ടില്ല.

കഴിഞ്ഞ ദിവസങ്ങളിൽ പ്രക്ഷോഭം നടത്തിയ വിദ്യാർഥികളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചാണ് ഏകദേശം 80,000 ഓളം പേർ നഗരത്തിലെ പ്രധാന റോഡുകൾ ഉപരോധിച്ചത്. സർക്കാർ പ്രദേശം കൈയേറിയെന്നാരോപിച്ച് 78 വിദ്യാർഥികളെയാണ് ഹോങ്കോംഗിലെ ചൈനീസ് ഭരണകൂടം കഴിഞ്ഞദിവസം അറസ്റ്റ് ചെയ്തത്.

## ജയലളിതയ്ക്ക് 4 വർഷം തടവ്



*ബാംഗളൂർ:* അനധികൃത സ്വത്തുസമ്പാദനക്കേസിൽ നാലു വർഷത്തെ തടവു ശിക്ഷയ്ക്കു ശിക്ഷിക്കപ്പെട്ടു ബാംഗളൂർ പരപ്പന അഗ്രഹാര സെൻട്രൽ ജയിലിൽ കഴിയുന്ന ജയലളിതയ്ക്കു അനുവദിച്ചതു വനിതാ ജയിലിനോടു ചേർന്നുള്ള 23-ാം നമ്പർ വിവിഐപി സെൽ. 7402-ാം നമ്പർ തടവുപുള്ളിയാണു ജയലളിത.

ജയലളിത ആദ്യദിനം സാധാരണപോലെ ഉറങ്ങിയെന്നാണു ജയിലധികൃതർ പറഞ്ഞത്. ഒ.പനീർ ശെൽവമടക്കമുള്ള മൂന്നു മന്ത്രിമാർക്കും രണ്ട് എംഎൽ എമാർക്കും ജയലളിതയുമായി കൂടിക്കാഴ്ച നടത്താൻ അനുമതി നൽകി.

ജയലളിതയ്ക്കൊപ്പം ശിക്ഷിക്കപ്പെട്ട ശശികല, ഇളവരശി, സുധാകരൻ എന്നിവർക്കു യഥാക്രമം 7403, 7404, 7405 എന്നീ ജയിൽനമ്പറുകളാണു നൽകിയിട്ടുള്ളത്. ശശികലയെയും ഇളവരശിയെയും ഒരു സെല്ലിലാണു പാർപ്പിച്ചിരിക്കുന്നത്.

തമിഴ്നാട് അതിർത്തിയിലെ ഹൊസൂരിൽ ബാരിക്കേഡ് സ്ഥാപിച്ചു പരിശോധന നടത്തിയ ശേഷം മാത്രമാണു ബാംഗളൂർ നഗരത്തിലേക്കുള്ള വാഹനങ്ങൾ കടത്തിവിടുന്നത്.

## ഒ.പനീർ ശെൽവം തമിഴ്നാട് മുഖ്യമന്ത്രി



*ചെന്നൈ:* അനധികൃത സ്വത്ത് സമ്പാദനക്കേസിൽ ശിക്ഷിക്കപ്പെട്ടു മുഖ്യമന്ത്രി സ്ഥാനം നഷ്ടമായ ജയലളിതയ്ക്കു പകരം ഒ.പനീർ ശെൽവം തമിഴ്നാട് മുഖ്യമന്ത്രിയായി.

അണ്ണാ ഡിഎംകെ ആസ്ഥാനത്തു ചേർന്ന പാർട്ടി എംഎൽഎമാരുടെ യോഗമാണു പനീർ ശെൽവത്തെ നേതാവായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തത്.

ജയലളിതയുടെ വിശ്വസ്തനായ പനീർ ശെൽവം രണ്ടാം തവണയാണു തമിഴ്നാട് മുഖ്യമന്ത്രിയാകുന്നത്.

2001ൽ മുഖ്യമന്ത്രി സ്ഥാനത്തു തുടരാൻ ജയലളിതയ്ക്കു സുപ്രീംകോടതിയുടെ വിലക്കുണ്ടായപ്പോൾ മുഖ്യമന്ത്രിയായതും പനീർശെൽവമായിരുന്നു. തേനി ജില്ലയിലെ ബോഡിനായ്ക്കന്നൂർ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന പനീർശെൽവം (63) തേവർ സമുദായത്തിൽ നിന്നുള്ള ആദ്യ മുഖ്യമന്ത്രിയാണ്. ജയലളിതക്കെതിരേ ശിക്ഷ വിധിച്ചതിനെത്തുടർന്നു തമിഴ്നാട്ടിൽ തുടങ്ങിയ അക്രമങ്ങൾ കുറഞ്ഞെങ്കിലും ഒറ്റപ്പെട്ട അക്രമങ്ങൾ അങ്ങിങ്ങു നടക്കുന്നുണ്ട്.

## എച്.എൽ.ദത്ത് സുപ്രീം കോടതി ചീഫ് ജസ്റ്റിസ്



*ന്യൂഡൽഹി:* സുപ്രീം കോടതിയിലെ ജഡ്ജിക്ക് സാധാരണക്കാരന്റെ വേദന തിരിച്ചറിയാനാകുമെന്നും അതുകൊണ്ടു തന്നെ എല്ലാ കേസുകളും പ്രാധാന്യത്തോടെയാണ് കാണുന്നതെന്നും സുപ്രീം കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസ് എച്ച്.എൽ. ദത്ത് അഭിപ്രായപ്പെട്ടു.

ചീഫ് ജസ്റ്റിസായി ചുമതലയേറ്റ ശേഷം മാധ്യമപ്രവർത്തകരുമായി സംവേദിക്കുകയായിരുന്നു അദ്ദേഹം.

ഒരു സാധാരണ പൗരനായാണ് ഞാനും കോടതിയിൽ ഇരിക്കുന്നത്. കേസുകൾ അവസാനമായി എത്തുന്ന കോടതി എന്ന നിലയ്ക്ക്, വളരെയധികം പ്രതീക്ഷയോടെയാണ് ആളുകൾ സുപ്രീം കോടതിയെ സമീപിക്കുന്നത്. അതുകൊണ്ടു തന്നെ വളരെയധികം തയാറെടുപ്പോടെയാണ് കേസുകൾ കൈകാര്യം ചെയ്യുന്നതെന്നും അദ്ദേഹം അറിയിച്ചു.

കേരള, ഛത്തീസ്ഗഡ് ഹൈക്കോടതികളിൽ ചീഫ് ജസ്റ്റിസായി ഏറെക്കാലം സേവനമനുഷ്ഠിച്ച ദത്തു, 2008 മുതൽ സുപ്രീം കോടതിയിലെ ജഡ്ജിയാണ്.

## നരേന്ദ്ര മോദിക്ക് അമേരിക്കയിൽ ഇന്ത്യൻ സമൂഹത്തിന്റെ ഊഷ്മള സ്വീകരണം



*ന്യൂയോർക്ക്:* പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ സ്നേഹോഷ്മള സ്വീകരണം.

വിഖ്യാതമായ മാഡിസൺ സ്ക്വയറിൽ ഏകദേശം 20,000 ഇന്ത്യക്കാരാണു പ്രധാനമന്ത്രിയെ കാണാനും ആശംസകൾ അർപ്പിക്കാനുമായി എത്തിയത്.

നരേന്ദ്രമോദി സിന്ദാബാദ്, ഭാരത് മാതാ കീ ജയ് തുടങ്ങിയ മുദ്രാവാക്യങ്ങളുമായി രാവിലെ തന്നെ ആയിരങ്ങൾ മാഡിസൺ സ്ക്വയറിലേക്ക് എത്തിയിരുന്നു. മോദിയുടെ ചിത്രം ആലേഖനം ചെയ്ത ടീഷർട്ടുകളണിഞ്ഞായിരുന്നു പലരുടേയും വരവ്. പ്രമുഖ രാഷ്ട്രീയ നേതാക്കളും മോദിയുടെ സ്വീകരണവേദിയെ സമ്പന്നമാക്കി. അമേരിക്കൻ സെനറ്റ് വിദേശകാര്യസമിതിയുടെ ചെയർമാൻ റോബർട്ട് മെനൻഡെസ്, അമേരിക്കൻ കോൺഗ്രസ് അംഗം എഡ് റോയ്സി, സൗത്ത് കരോളൈന ഗവർണർ നിക്കി ഹാലി, അസിസ്റ്റന്റ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് നിഷ ബിസ്വാൽ എന്നിവർ സന്നിഹിതരായിരുന്നു.

നരേന്ദ്ര മോദിയുടെ സന്ദർശനത്തിന് അമേരിക്കൻ മാധ്യമങ്ങൾ ഏറെ പ്രാധാന്യമാണു നൽകുന്നത്. അമേരിക്കൻ ജനതയെ കൈയിലെടുക്കാനും സന്ദർശനത്തിനിടെ മോദി സമയം കണ്ടെത്തി. സെൻട്രൽ പാർക്കിൽ റോക്ക് സംഗീതവേദിയിൽ ഗ്ലോബൽ സിറ്റിസൺ ഫെസ്റ്റിവലിനെത്തിയ അമേരിക്കക്കാരെ അദ്ദേഹം അഭിസംബോധന ചെയ്തു.

ഏഴു മിനിറ്റ് നീണ്ട ഇംഗ്ലീഷ് പ്രസംഗമാണു മോദി നടത്തിയത്. ലോകസമാധാനത്തെക്കുറിച്ച് വിവരിക്കുന്ന സംസ്കൃത ശ്ലോകം പ്രസംഗത്തിനിടെ വായിച്ച പ്രധാനമന്ത്രി ജനക്കൂട്ടത്തിനു നമസ്തേ പറഞ്ഞപ്പോൾ നിലയ്ക്കാത്ത കൈയടിയായിരുന്നു. നേരത്തെ ഇന്ത്യൻ അമേരിക്കൻ ബിസിനസ് സംഘവുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. നിക്ഷേപത്തിന് അനുകൂലമായ സാഹചര്യത്തിനൊപ്പം മനുഷ്യവിഭവശേഷിയും ലഭ്യമാക്കണമെന്ന് ബിസിനസ് പ്രമുഖർ പ്രധാനമന്ത്രിയോട് അഭ്യർഥിച്ചു.

സിംഫണി ടെക്നോളജി ചെയർമാനും സിഇഒയുമായ റൊമേഷ് വാധ്വാനി, അഡോബ് സിസ്റ്റം സിഇഒ ശന്തനു നാരായൻ, ഹാർവാർഡ് ബിസിനസ് സ്കൂൾ ഡീൻ നിതിൻ നോറിയ, മൈക്രോസോഫ്റ്റിന്റെ ഡെവലപ്പർ ഡിവിഷൻ വൈസ് പ്രസിഡന്റ് എസ്. സോമശേഖർ തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു.

ജോർജ് തഴക്കര

# മംഗൾയാൻ: അഭിമാനത്തിന്റെ നിമിഷം

**ചൊവ്വാ** ദൗത്യത്തിൽ ആദ്യശ്രമത്തിൽ വിജയിക്കുന്ന ആദ്യ രാജ്യമായി ഇന്ത്യ. നൂറ്റിയിരുപത്തിയൊന്നുകോടി ജനങ്ങൾ ഒന്നിച്ചഭിമാനിക്കുന്ന അപൂർവ്വനിമിഷം.

മംഗൾയാൻ പദ്ധതിയ്ക്കു തുടക്കമിട്ടപ്പോൾ ആദ്യം പട്ടിണി മാറ്റൂ, പിന്നീടാവാം വൻശക്തികളോടു മത്സരിക്കുന്നതെന്നായിരുന്നു പാശ്ചാത്യമാധ്യമങ്ങളുടെ ഉപദേശം. മത്സരിക്കാനല്ല, ഇന്ത്യയുടെ അഭിമാനം മാത്രമാണ് ലക്ഷ്യമെന്ന് ഇന്ത്യൻ ബഹിരാകാശ സെക്രട്ടറി കെ.രാധാകൃഷ്ണന്റെ പ്രതികരണം ആത്മവിശ്വാസത്തിന്റേതായിരുന്നു. ബഹിരാകാശനേട്ടത്തിൽ ലോകഭൂപടത്തിൽ ഇന്ത്യയ്ക്ക് ഇപ്പോൾ നാലാം സ്ഥാനം. പരിമിതികളെ അതിജീവിക്കുവാനുള്ള ഇച്ഛാശക്തികൊണ്ട് നേടിയെടുത്ത വിജയമാണിത്.

2014 സെപ്റ്റംബർ 24 ന് രാവിലെ എട്ടുമണിയോട് പീനിയ ഇസ്ട്രാക്കിലെ (ഐ.എസ്.ആർ.ഒ ടെലിമെട്രി, ട്രാക്കിങ് ആൻഡ് കമാൻഡ് നെറ്റ്‌വർക്ക്) മിഷൻ ഓപ്പറേഷനൽ കോംപ്ലക്സ് രണ്ടിലേക്ക് വിജയസന്ദേശം എത്തി. വിജയമുഹൂർത്തത്തിനു സാക്ഷ്യം വഹിക്കുവാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഐ.എസ്.ആർ.ഒ ആസ്ഥാനത്ത് എത്തിയിരുന്നു. കാവിപുതച്ച ഗ്രഹത്തെ എതിരേൽക്കാൻ കാവി ജാക്കറ്റണിഞ്ഞാണ് അദ്ദേഹം എത്തിയത്. ഡോ.കെ.രാധാകൃഷ്ണൻ വിജയവാർത്ത അറിയിച്ചു. മോദി അത് ലോകത്തോടായി പറഞ്ഞു.

യു.എസിന്റെ നാസക്കും, പഴയ സോവിയറ്റ് യൂണിയന്റെ റോസ്കോസ്മോസിനും യൂറോപ്യൻ സ്പേസ് ഏജൻസിക്കുമൊപ്പം ഇന്ത്യ വിജയിയുടെ കിരീടമണിഞ്ഞു.

അമ്പത്തിമൂന്നു ചൊവ്വാദൗത്യങ്ങളാണ് ഇതുവരെ നടന്നത്. ഇതിൽ നേട്ടം കൈവരിച്ചത് 21 മാത്രം. ചൈനയേയും ജപ്പാനെയും പിന്നിലാക്കിക്കൊണ്ട് ലക്ഷ്യത്തിലെത്തുന്ന ആദ്യ ഏഷ്യൻ രാജ്യവും ഇന്ത്യയായി.

ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽനിന്നും പി.എസ്.എൽ.വി. സി–25 ഉപയോഗിച്ചാണ് 2013 നവംബർ 5ന് മംഗൾയാൻ വിക്ഷേപിച്ചത്. 66.6 കോടി കിലോമീറ്റർ സഞ്ചരിച്ചാണ് ചൊവ്വായുടെ ഭ്രമണപഥത്തിലെത്തിയത്.

അറിയാത്ത ലോകത്തെ കൈപ്പിടിയിലൊതുക്കുവാൻ ഇന്ത്യയ്ക്കു കഴിയുന്നുവെന്നാണ് പ്രധാനമന്ത്രി ദൗത്യത്തെ വിശേഷിപ്പിച്ചത്. ക്രിക്കറ്റ് വിജയിച്ചുവരുമ്പോഴുണ്ടാകുന്ന സന്തോഷത്തിന്റെ ആയിരം മടങ്ങ് സന്തോഷിക്കേണ്ട സന്ദർഭമാണിതെന്നും അദ്ദേഹം പറഞ്ഞു.

പതിനഞ്ചുമാസമാണ് ഈ പദ്ധതിക്കായി ഏറ്റെടുത്ത സമയം. ആഗസ്റ്റ് 15ലെ മൻമോഹൻസിംഗിന്റെ സ്വാതന്ത്ര്യദിനപ്രഖ്യാപനമായിരുന്നു ഈ പദ്ധതി. 450 കോടി രൂപായുടെ മുതൽമുടക്ക്. ഒരിന്ത്യക്കാരന് നാലു രൂപയുടെ ചെലവുമാത്രം. നാസയുടെ മേവൻ പദ്ധതിയ്ക്ക് എടുത്ത സമയം അഞ്ചരവർഷവും ചെലവ് 4000 കോടിയുമാണെന്നു മനസ്സിലാക്കുമ്പോഴാണ് ഇന്ത്യയുടെ നേട്ടം അതിശയിപ്പിക്കുന്നതാകുന്നത്. ബഹിരാകാശ കഥപറയുന്ന ഗ്രാവിറ്റി എന്ന ഹോളിവുഡ് സിനിമയുടെ ചെലവ് 600 കോടി രൂപയാണെന്നും ഓർക്കുക.

മംഗൾയാന്റെ വിജയം കേരളത്തിന് പ്രത്യേകം അവകാശപ്പെട്ടതാണ്. വിക്ഷേപണവാഹനത്തിന്റെ ഇന്ധനസംയുക്തം തയ്യാറാക്കിയത് ആലുവയിലെ ഐ.എസ്.ആർ.ഒ സ്ഥാപത്തിലാണ്. വാർത്താവിനിമയത്തിനുവേണ്ട നിർണ്ണായഘടകങ്ങൾ നിർമ്മിച്ചത് പാലക്കാട്ടെ ഐ.ടി.ഐയിൽ. പേടകത്തിന്റെ ഇലക്ട്രോണിക് സംവിധാനവും റിയാക്ഷൻ വീൽ ബെയറിംഗും നിർമ്മിച്ചത് തിരുവനന്തപുരത്തെ ബ്രഹ്മോസ് എയ്റോസ്പേസിൽ. പി.എസ്.എൽ.വിയുടെ ഗതിനിയന്ത്രണ സംവിധാനത്തിൽ ഉപയോഗിക്കുന്ന ഫ്ളെക്സീൽ നിർമ്മിച്ചത് ഇരിങ്ങാലക്കുടയിലെ വജ്ര റബർ പ്രോഡക്ട്സാണ്.

വിജയശില്പികളിലെ മലയാളി സാന്നിദ്ധ്യവും ശ്രദ്ധിക്കപ്പെട്ടു. സ്പേസ് സെക്രട്ടറി കെ.രാധാകൃഷ്ണൻ ഇരിങ്ങാലക്കുടക്കാരനാണ്. ചൊവ്വാ ഭ്രമണദൗത്യത്തിന്റെ പ്രോജക്ട് ഡയറക്ടർ ഡോ.എസ്. അരുൺ ഐ.എസ്.ആർ.ഒ ശാസ്ത്രജ്ഞനായിരുന്ന നമ്പി നാരായണന്റെ മരുമകനാണ്. പി.എസ്.എൽ.വി. സി–25ന്റെ മിഷൻ ഡയറക്ടർ കണ്ണൂർ സ്വദേശിയായ പി.കുഞ്ഞികൃഷ്ണനാണ്. ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേസ് ഡയറക്ടർ എം.വൈ.എസ്. പ്രസാദ്, വി.എസ്.എസ്.സി. ഡയറക്ടർ എം.സി.ദത്തൻ, തിരുവനന്തപുരം വിക്രം സാരാഭായ് സ്പേസ് സെന്റർ ഡയറക്ടർ എസ്.രാമകൃഷ്ണൻ എന്നിവരും ഈ ദൗത്യത്തിന്റെ ശക്തികേന്ദ്രങ്ങളായിരുന്നു.

ബഹിരാകാശം കീഴടക്കുവാനുള്ള പദ്ധതിയ്ക്കായി ഇന്ത്യ ആശ്രയിച്ചത് സോവിയറ്റ് റഷ്യയെയായിരുന്നു. അവരുടെ ക്രയോജനിക് എഞ്ചിനായിരുന്നു ഇന്ത്യയുടെ പ്രതീക്ഷ. അമേരിക്ക ഏർപ്പെടുത്തിയ പ്രതിരോധം ഇന്ത്യൻ സ്വപ്നത്തിന്റെ ചിറകരിഞ്ഞുവെങ്കിലും ഫീനിക്സ് പക്ഷിയുടെ ശക്തിയോടെ സ്വപ്നങ്ങളെ ചിറകുകളാക്കി ഇന്ത്യ നേട്ടം കൈവരിച്ചു.

സൈക്കിൾ കാരിയറിൽ റോക്കറ്റ് കെട്ടിവച്ചുകൊണ്ടാണ് 1963ൽ തുമ്പയിലെ വിക്ഷേപണത്തറയിലേക്ക് കൊണ്ടുപോയത്. ബാംഗ്ലൂരിലെ സ്പേസ് സെന്ററിലേക്ക് കാളവണ്ടിയിലാണ് 1981ൽ ഉപഗ്രഹം കൊണ്ടുപോയത്. അതൊരു ബ്ലാക് ആന്റ് വൈറ്റ് ചിത്രമായി നമ്മുടെ മനസ്സിലുണ്ട്. എന്നാൽ അര നൂറ്റാണ്ടുകൊണ്ട് ഇന്ത്യ ശാസ്ത്രരംഗത്ത് എത്രമാത്രം വളർന്നിരിക്കുന്നു. പോയ പതിറ്റാണ്ടുകൊണ്ട് ഇന്ത്യ ലോകത്തിലെ അതിപ്രധാന രാജ്യങ്ങളിലൊന്നായിരിക്കുന്നു. വരുന്ന ഒരു പതിറ്റാണ്ടുകൊണ്ട് ഇന്ത്യ നിർണ്ണായകശക്തിയായിമാറും. സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടാണ് ഈ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നത്. ഇന്ത്യൻ ശാസ്ത്രസമൂഹത്തിന് അഭിനന്ദനങ്ങൾ.



ഇന്ദിരാ അശോകിന്റെ അവൾ പറയുന്നത് കഥാസമാഹാരം ഡോ.ജോർജ് ഓണക്കൂർ കെ.കെ.സുധാകരന് നൽകി പ്രകാശനം ചെയ്യുന്നു. വി.പി.ജയചന്ദ്രൻ, പ്രൊഫ.കോഴിശേരി രവീന്ദ്രനാഥ്, പ്രൊഫ.ഇന്ദിരാ അശോക്, അനി വർഗീസ്, രത്നം രാമവർമ്മ തമ്പുരാൻ, പ്രൊഫ.എ.അനന്തശിവഅയ്യർ, ഗീതാ പുല്ലുകുളങ്ങര, ജോർജ് തഴക്കര എന്നിവർ സമീപം.

# മാധ്യമങ്ങൾ കോടതി വാർത്തകൾ നൽകുന്നതിനു ചില നിയന്ത്രണം വേണമെന്ന് അഡ്വക്കേറ്റ് ജനറൽ

*കൊച്ചി:* മാധ്യമങ്ങൾ കോടതി വാർത്തകൾ നൽകുന്നതിനു ചില നിയന്ത്രണം വേണമെന്ന് അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ അഭിപ്രായപ്പെട്ടു.

കോടതി പരിഗണിക്കുന്ന ഹർജികളുമായി ബന്ധപ്പെട്ടു കോടതിയുടെ അഭിപ്രായങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ എന്നതു സംബന്ധിച്ചു നിയമപ്രശ്നം പരിഗണിക്കുന്നതിനിടെയാണ് അഡ്വക്കേറ്റ് ജനറൽ കെ.പി. ദണ്ഡപാണി നിലപാടു വ്യക്തമാക്കിയത്. ഹർജിയിൽ വിശദീകരണം നൽകുന്നതിനു കൂടുതൽ സമയം അനുവദിക്കണമെന്നും ചില നിയന്ത്രണങ്ങൾ വേണമെന്നാണു വ്യക്തിപരമായ അഭിപ്രായമെന്നും അദ്ദേഹം ഹൈക്കോടതിയിൽ പറഞ്ഞു.

ജസ്റ്റീസ് കെ.ടി. ശങ്കരൻ, പി.ഡി. രാജൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചാണു ഹർജി പരിഗണിക്കുന്നത്.

ഹൈക്കോടതി നിർദേശപ്രകാരം അഡ്വക്കേറ്റ് ജനറൽ, ബാർ കൗൺസിൽ അഭിഭാഷകൻ, ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ പ്രസിഡന്റ് പി.എസ്. ചാലി എന്നിവർ കോടതിയിൽ ഹാജരായിരുന്നു. നിയന്ത്രണങ്ങൾ വേണമെന്നും വിശദീകരണത്തിനു സമയം നൽകണമെന്നും ബാർ കൗൺസിലും ആവശ്യപ്പെട്ടു. യോഗത്തിനുശേഷം നിലപാടറിയിക്കാമെന്ന് അഡ്വക്കേറ്റ് അസോസിയേഷനും പറഞ്ഞു. ഈ സാഹചര്യത്തിൽ കോടതി ഹർജി ഇന്നു പരിഗണിക്കാൻ മാറ്റി.



കേന്ദ്രസാഹിത്യ അക്കാദമിക്കുവേണ്ടി കഥാസംഗ്രഹം വി.പി.ജയചന്ദ്രൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതിന്റെ പ്രകാശനം പ്രൊഫ.പി.ജെ.കുര്യൻ ശിവരാമൻ ചെറിയനാടിന് നൽകി നിർവ്വഹിക്കുന്നു. അഡ്വ.കെ.ആർ.മുരളീധരൻ, വി.പി.ജയചന്ദ്രൻ, പ്രൊഫ.എ.അനന്തശിവ അയ്യർ, കല്ലമല രാജൻ എന്നിവർ സമീപം.

# ഗാന്ധിജയന്തിയോനുബന്ധിച്ച് ക്ലീൻ കാമ്പസ്– സേഫ് കാമ്പസ് പദ്ധതിയ്ക്കു തുടക്കം

*തിരുവനന്തപുരം:* ഗാന്ധിജയന്തിയോടനുബന്ധിച്ച് ക്ലീൻ കാമ്പസ്–സേഫ് കാമ്പസ്, മിഷൻ സ്വച്ഛഭാരത് പരിപാടികൾ ഊർജിതമായി നടപ്പാക്കുമെന്ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി അറിയിച്ചു. സംസ്ഥാനത്തെ സ്കൂളുകൾ സമ്പൂർണ ലഹരി വിമുക്തമാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന ക്ലീൻ കാമ്പസ്– സേഫ് കാമ്പസ് കൂടുതൽ ഊർജിതമാക്കുന്നതിന് എല്ലാ വിദ്യാലയാധികൃതരും നടപടി സ്വീകരിക്കണമെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്ര പദ്ധതിയായ മിഷൻ സ്വച്ഛ ഭാരത് നടപ്പാക്കുന്ന ഒരു മാസത്തെ ശുചിത്വ പ്രചാരണ പ്രവർത്തനങ്ങളിൽ ഇതര വകുപ്പുകളോടൊപ്പം വിദ്യാഭ്യാസ വകുപ്പും പങ്കെടുക്കും. ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ മന്ത്രിമാരുടെ മേൽനോട്ടത്തിലാവും നടപ്പാക്കുന്നത്. നിയോഗിക്കപ്പെട്ട മന്ത്രിമാരും ജില്ലയും ചുവടെ. തിരുവനന്തപുരം–വി.എസ്.ശിവകുമാർ, കൊല്ലം–ഷിബു ബേബിജോൺ, പത്തനംതിട്ട–അടൂർ പ്രകാശ്, ആലപ്പുഴ–രമേശ് ചെന്നിത്തല, കോട്ടയം– കെ.എം. മാണി, ഇടുക്കി–പി.ജെ. ജോസഫ്, എറണാകുളം–കെ. ബാബു, തൃശൂർ– സി.എൻ.ബാലകൃഷ്ണൻ, പാലക്കാട്– എ.പി. അനിൽകുമാർ, മലപ്പുറം–പി.കെ. കുഞ്ഞാലിക്കുട്ടി, കോഴിക്കോട്–ഡോ. എം.കെ. മുനീർ, വയനാട്–പി.കെ. ജയലക്ഷ്മി, കണ്ണൂർ–കെ.സി. ജോസഫ്, കാസർഗോഡ്–കെ.പി. മോഹനൻ എന്നിവർക്കാണ് ചുമതല. ഒക്ടോബർ 2മുതൽ പത്ത് വരെ ദിവങ്ങളിൽ സ്കൂളുകൾ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കണം.

സ്കൂൾ അസംബ്ലി സംഘടിപ്പിച്ച് ഗാന്ധിജിയുടെ ചിത്രത്തിൽ ഹാരാർപ്പണം നടത്തുകയും ഗാന്ധിയൻ ചിന്തകളെ സംബന്ധിച്ചും അതിന്റെ ആനുകാലിക പ്രസക്തിയെ സംബന്ധിച്ചും സന്ദേശം നൽകുകയും വേണം. ഇത് അധ്യാപകർ നേരിട്ടോ പുറമെ നിന്നുള്ള പ്രമുഖ വ്യക്തികളെക്കൊണ്ടോ നടത്താം.

ഗാന്ധിജിയെപ്പറ്റിയുള്ള ഗാന്ധി, മേക്കിംഗ് ഓഫ് മഹാത്മ എന്നീ സിനിമകളിൽ ഏതെങ്കിലുമൊന്ന് പ്രദർശിപ്പിക്കാം.

## PEACE OF MIND CHARITIES, LLC
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യ ചൈതന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീസ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ്തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹായം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

കൂടുതൽ വിവരങ്ങൾക്ക്: **Tel: 267-991-2111.**

## മലയാളി അസോസിയേഷൻ ഓഫ് സൗത്ത് കരോളിന അപ്പ് സ്റ്റേറ്റ് പിക്നിക് 26ന്



*സൗത്ത് കരോളിന:* മലയാളി അസോസിയേഷൻ ഓഫ് സൗത്ത് കരോളിന അപ്പ് സ്റ്റേറ്റ് (മാസ്ക് അപ് സ്റ്റേറ്റ്) ഈ വർഷത്തെ ഫോൾ സീസൺ പിക്നിക് 26ന് ഗ്രീൻവില്ലിലെ ലെഗസി പാർക്കിൽ നടക്കും.

കുട്ടികൾക്കും മുതിർന്നവർക്കും പങ്കെടുക്കാവുന്ന കായികമത്സരങ്ങളും അതോടൊപ്പം നാടൻ രീതിയിലുള്ള ലക്ഷുഭക്ഷണവും പിക്നിക്കിന്റെ ഭാഗമായി ഉണ്ടായിരിക്കും. കായിക പരിപാടികളുടെ ഒരുക്കങ്ങൾ സിജോ ജോർജ് പറമ്പത്തും ലഘുഭക്ഷണശാലയുടെ മേൽനോട്ടം റെജിയും (ജോൺ മാത്യൂസ്) വഹിക്കും. പിക്നിക് രാവിലെ 10.30ന് ആരംഭിക്കുമെന്ന് പ്രസിഡന്റ് സേതു നായരും ട്രഷറർ ബാബു തോമസും അറിയിച്ചു.



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

## കാതോലിക്ക ബാവായുടെ അമേരിക്കൻ സന്ദർശനത്തിന്റെ ഓർമക്കായ് വൃക്ഷത്തെ നട്ടു

**ജീമോൻ റാന്നി**



*ഹൂസ്റ്റൺ:* മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനും മലങ്കര മെത്രാപോലീത്തായും കാതോലിക്കാ ബാവായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന ആസ്ഥാനത്തെ പ്രഥമ സന്ദർശനത്തിന്റെ ഓർമ നിലനിർത്തുന്നതിന്റെയും കാതോലിക്കാ സ്ഥാപനത്തിന്റെ ശതാബ്ദിയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായും വൃക്ഷത്തൈ നടീൽ കർമ്മം പരിശുദ്ധ കാതോലിക്കാ ബാവാ ആദ്യ വൃക്ഷത്തൈ നട്ട് നിർവഹിച്ചു.

ഭദ്രാസന ആസ്ഥാനമായ ബീസ്‌ലിയിൽ നൂറ് വൃക്ഷതൈകൾ നടുന്നതിന്റെ ആദ്യഘട്ടമായി മുപ്പത്തഞ്ച് വൃക്ഷ തൈകളാണ് പരിശുദ്ധ കാതോലിക്ക ബാവായുടെ സന്ദർശനത്തോടനുബന്ധിച്ച് നട്ടത്. ഹൂസ്റ്റൺ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ യൂത്ത് മൂവ്മെന്റാണ് നേതൃത്വം നൽകിയത്.

സെപ്റ്റംബർ 20ന് വിശുദ്ധ കുർബാനയ്ക്കുശേഷമാണ് പരിശുദ്ധ കാതോലിക്കാ ബാവാ വൃക്ഷത്തൈ നടീൽ കർമ്മം നിർവഹിച്ചത്. ഭദ്രാസന മെത്രാപ്പോലീത്ത അലക്സിയോസ് മാർ യൗസേബിയോസ്. ഹൂസ്റ്റൺ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ വികാരി ഫാ. ഗീവർഗീസ് അരൂപ്പാല കോർ എപ്പിസ്കോപ്പ, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, ഭദ്രാസന കൗൺസിൽ അംഗങ്ങൾ വൈദീകർ എന്നിവരും സംബന്ധിച്ചു.

ഹൂസ്റ്റൺ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ ഒസിവൈഎം ഭാരവാഹികളായ പോൾ വർഗീസ്, ബിബിൻ കൊടുവത്ത്, മഞ്ചു, ജോർജ് തെക്കേമല, മനോജ് മാത്യു എന്നിവരായിരുന്നു ഇതിന് നേതൃത്വം നൽകിയത്. ഈ പദ്ധതിക്ക് നേതൃത്വം നൽകിയവരെ പരിശുദ്ധ കാതോലിക്കാ ബാവാ അഭിനന്ദിക്കുകയുണ്ടായി. അമേരിക്കൻ സന്ദർശനത്തിൽ ആദ്യമാണ് വൃക്ഷത്തൈ നടീൽ കർമം നിർവിക്കുന്നതെന്ന് കാതോലിക്കാ ബാവാ അഭിപ്രായപ്പെട്ടു.

മലയാളി പ്രസ് കൗൺസിൽ സെക്രട്ടറി ബ്ലെസൻ ഹൂസ്റ്റൺ അറിയിച്ച വാർത്തയാണിത്.

## ഇർവിംഗിൽ മഹാത്മാഗാന്ധിയുടെ മെമ്മോറിയലും പ്രതിമ അനാച്ഛാദനവും രണ്ടിന്

**ആൻഡ്രൂസ് അഞ്ചേരി**

*ഇർവിംഗ്:* ടെക്സസിലെ ഇർവിംഗ് സിറ്റിയിലുള്ള ജെഫേഴ്സൺ പാർക്കിൽ സ്ഥാപിച്ചിരിക്കുന്ന ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ പ്രതിമ അനാഛാദനം രണ്ടിന് ഗാന്ധിജയന്തി ദിനത്തിൽ വൈകുന്നേരം 4.30ന് നടക്കും.

മഹാത്മാ ഗാന്ധിയുടെ പൗത്രൻ സതീഷ് ധൗപ്പേലിയ മുഖ്യാതിഥിയായിരിക്കും. നെൽസൺ മണ്ടേലയുടെ പൗത്രൻ ഡാബാ മണ്ടേല, മാർട്ടിൻ ലൂഥർ കിംഗിന്റെ കുടുംബത്തെ പ്രതിനിധീകരിച്ച് റവ. ജെറോം ലെഡോക്സ്, ഇന്ത്യൻ വംശജയായ അമേരിക്കൻ കോൺഗ്രസ് അംഗം തുളസി ഗാബാർഡ്, ഹൂസ്റ്റണിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ പി.ഹരീഷ്, അമേരിക്കൻ കോൺഗ്രസ് അംഗം (ഡാളസ്) എഡി.ബി ജോൺസൺ, ഇർവിംഗ് സിറ്റി മേയർ ബെത്ത് വാൻ ഡ്യൂയ്നി, സേവാഗ്രാം സബർമതി ആശ്രമത്തെ പ്രതിനിധീകരിച്ച് പ്രസാദ് ഗൊലാനപള്ളി എന്നിവർ ആശംസകളർപ്പിക്കും.

ഇന്ത്യൻ അമേരിക്കൻ ഫ്രന്റ്ഷിപ്പ് കൗൺസിലും ഇന്ത്യൻ അസോസിയേഷനും സംയുക്തമായി ചേർന്നു രൂപീകരിച്ച മഹാത്മഗാന്ധി മെമ്മോറിയൽ ഓഫ് നോർത്ത് ടെക്സസ് എന്ന സംഘടനയാണ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ഭാരതീയരായ ഏവർക്കും അഭിമാനമേകുന്ന ഈ ചടങ്ങിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.



# ഡിട്രോയിറ്റ് ഈഗിൾസ് വോളി ബോൾ ക്ലബിന്റെ ഫണ്ട് റെയിസിംഗ് പ്രോഗ്രാം 18 ന്

**വിനോദ് കൊണ്ടൂർ**

*ഡിട്രോയിറ്റ്:* തൊണ്ണൂറുകളിൽ ആരംഭിച്ച മിഷിഗണിലെ വോളി ബോൾ കളിക്കാരുടെ കൂട്ടായ്മയായ ഡിട്രോയിറ്റ് ഈഗിൾസ് സ്പോർട്സ് ക്ലബ്ബിന്റെ ധനശേഖരാണാർത്ഥം 2014 ഒക്ടോബർ 18ന് സ്റ്റേജ് ഷോ നടത്തുവാൻ തീരുമാനിച്ചു.

ശരത്, കിഷോർ എന്നിവരുടെ നേതൃത്വത്തിൽ 'ഇതാട അളിയാ പെരുനാൾ' എന്ന ഹാസ്യ സ്റ്റേജ് ഷോ, മിഷിഗണിലെ ബർമിംഗ്ഹാമിലുള്ള സീഹോം സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചാണ് നടത്തപ്പെടുന്നത്.

വളർന്നു വരുന്ന യുവ തലമുറയെ വോളി ബോൾ കളിയിലേക്ക് ആകർഷിക്കുന്നതിനും കളിക്കാർക്ക് ആവശ്യമായ സ്പോർട്സ് ഗുഡ്സ് വാങ്ങുന്നതിനും അതോടൊപ്പം ഡിട്രോയിറ്റ് ഈഗിൾസിന് ലീഗ് കളികളിൽ പങ്കെടുക്കുവാനും, മിഷിഗണിൽ വോളി ബോൾ കളി മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുമാണ് ഈ ഷോയിൽ നിന്ന് ലഭിക്കുന്ന ചെറിയ തുക ഉപയോഗിക്കുന്നത് എന്ന് സംഘാടകർ അറിയിച്ചു.

വോളിബോൾ, പ്രായ പരിധികൾക്കതീതമായി മിക്ക മലയാളികളും നെഞ്ചിലേറ്റുന്ന ഒരു കളിയാണ്. ഇന്ത്യൻ വോളി ബോൾ ചരിത്രത്തിൽ വളരെയേറെ സംഭാവനകൾ നല്കിയിട്ടുള്ള നമുക്കെല്ലാവർക്കും സുപരിചിതരായ ഒട്ടേറെ മലയാളികൾ ഉണ്ട്. ജിമ്മി ജോർജ്, ടോം ജോസഫ് എന്നിവർ അതിൽ ചില പ്രമുഖരാണ്.

പരിപാടികളുടെ നടത്തിപ്പിനായി ആലോചനാ യോഗം സെപ്റ്റംബർ 19 വെള്ളിയാഴ്ച തോമസ് കർത്തനാളിന്റെ വസതിയിൽ നടത്തപ്പെട്ടു.

ഫാ. ജോയ് ചക്കിയാൻ, മാത്യൂസ് ചെരുവിൽ, തോമസ് കർത്തനാൾ, സുരേന്ദ്രൻ നായർ, മോഹൻ പനംഗാവിൽ, ബിജു സെബാസ്റ്റ്യൻ, നോബിൾ തോമസ്, ജെയ്ന ഇലക്കാട്ടിൽ, തോമസ് ജോർജ് (ചാച്ചി), അഭിലാഷ് പോൾ, അലൻ തോമസ്, വിനോദ് കൊണ്ടൂർ ഡേവിഡ് എന്നിവരാണ് ആലോചനായോഗത്തിൽ പങ്കെടുത്തത്. കൂടുതൽ വിവരങ്ങൾക്ക്: മോഹൻ പനംഗാവിൽ 248 670 9044.

# യംഗ് സയന്റിസ്റ്റ് ചലഞ്ച്: മൂന്ന് ഇന്ത്യൻ വിദ്യാർഥികൾ നാമനിർദ്ദേശം ചെയ്യപ്പെട്ടു

**പി.പി ചെറിയാൻ**



*കാലിഫോർണിയ:* 2014 ഡിസ്കവറി യംഗ് സയന്റിസ്റ്റ് ചലഞ്ച് മത്സരങ്ങളിൽ പങ്കെടുക്കുന്ന പത്ത് അവസാന റൗണ്ട് മത്സരാർഥികളിൽ മൂന്ന് ഇന്ത്യൻ അമേരിക്കൻ വിദ്യാർഥികൾ നാമനിർദ്ദേശം ചെയ്യപ്പെട്ടു.

വ്യത്യസ്ത മേഖലകളിൽ ഗവേഷണം നടത്തുന്ന അഞ്ച് മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികളാണ് 2014 ഡിസ്കവറി മത്സരങ്ങളിൽ പങ്കെടുക്കുന്നത് മൈത്രി അമ്പാട്ടിപുഡി (കലിഫോർണിയ), സാഹിൽ ധോഷി (പെൻസിൽവാനിയ), ജയകുമാർ (വെർജീനിയ) എന്നീ വിദ്യാർഥികളുടെ അസാധാരണമായ കഴിവുകളാണ് മത്സരത്തിന്റെ അവസാന റൗണ്ടിലേക്ക് പ്രവേശനം ലഭിക്കാനിടയായത്.

ഒക്ടോബർ 12 മുതൽ 14 വരെ മിനിസോട്ട സെന്റ് പോൾ ത്രി. എം. ഹെഡ്ക്വാർട്ടേഴ്സിലാണ് ഫൈനൽ മത്സരങ്ങൾ നടക്കുന്നത്.

25,000 ഡോളറാണ് ഒന്നാം സ്ഥാനക്കാരനായ യംഗ് സയന്റിസ്റ്റിനെ കാത്തിരിക്കുന്നത്.

# ജോസ് തയ്യിൽ ഇന്തോ അമേരിക്കൻ പ്രസ്ക്ലബ് ഡയറക്ടർ ബോർഡ് അംഗം

ന്യൂയോർക്ക്: ഇന്തോ അമേരിക്കൻ പ്രസ്ക്ലബിന്റെ ഡയറക്ടർ ബോർഡ് അംഗമായി മുതിർന്ന പ്രവാസി മാധ്യമപ്രവർത്തകൻ ജോസ് തയ്യിലിനെ തെരഞ്ഞെടുത്തു.

1981 മുതൽ അമേരിക്കയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന കൈരളി പത്രത്തിന്റെ ചീഫ് എഡിറ്ററും പബ്ലീഷറുമാണ് അദ്ദേഹം. 1978 ൽ കാനഡയിൽ നിന്നു പ്രസീദ്ധീകരിച്ച മലയാളി പത്രത്തിന്റെ ചീഫ് എഡിറ്ററും പബ്ലീഷറുമായിരുന്നു.

പതിറ്റാണ്ടുകളായി അമേരിക്കയിൽ മാധ്യമപ്രവർത്തനം നടത്തുന്ന ജോസ് തയ്യിൽ പ്രവാസി മാധ്യമ പ്രവർത്തകർക്കിടയിൽ സുപരിചിതനാണ്. മാധ്യമ പ്രവർത്തന രംഗത്ത് തന്റേതായ ശൈലി രൂപപ്പെടുത്തിയ അദ്ദേഹം വിവിധ വിഷയങ്ങളിൽ നിരവധി ലേഖനങ്ങളാണ് ഏഴുതിയിട്ടുള്ളത്.

പതിറ്റാണ്ടുകളായി പത്രപ്രവർത്തന രംഗത്ത് സൗമ്യസാന്നിധ്യമായ ജോസ് തയ്യിൽ ഡയറക്ടർ ബോർഡ് അംഗമായത് പ്രസ്ക്ലബിന് മുതൽക്കൂട്ടാണെന്ന് പ്രസിഡന്റ് അജയ്ഘോഷും എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫാ. ജോൺസൺ പുഞ്ചക്കോണവും പറഞ്ഞു.

# കേരളത്തിലെ മികച്ച ഫോട്ടോ ജേർണലിസ്റ്റ് വിദ്യാർഥിക്ക് പുരസ്കാരം

*ന്യൂയോർക്ക്:* നോർത്ത് അമേരിക്കയിലെ ഇന്ത്യൻ മാധ്യമ സ്ഥാപനങ്ങളുടെയും മാധ്യമ പ്രവർത്തകരുടെയും കൂട്ടായ്മയായ ഇന്തോ - അമേരിക്കൻ പ്രസ്ക്ലബ് (ഐഎപിസി) കേരളത്തിലെ മികച്ച ഫോട്ടോ ജേർണലിസ്റ്റ് വിദ്യാർഥിക്ക് പുരസ്കാരം ഏർപ്പെടുത്തി.



തിരുവനന്തപുരം പ്രസ്ക്ലബിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേർണലിസത്തിൽ പുതുതായി തുടങ്ങിയ ഫോട്ടോ ജേർണലിസം കോഴ്സിൽ ഒന്നാം റാങ്ക് നേടുന്ന വിദ്യാർഥിക്ക് 10001 രൂപ കാഷ് അവാർഡ് നൽകുവാൻ തീരുമാനിച്ചതായി പ്രസ് ക്ലബ് ഭാരവാഹികൾ അറിയിച്ചു.

മാധ്യമപ്രവർത്തകരുടെ പ്രവർത്തന സാഹചര്യം മെച്ചപ്പെടുത്തുക, പരസ്പര സഹകരണം വർധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അച്ചടിദൃശ്യ ഓൺലൈൻ മാധ്യമ സ്ഥാപനങ്ങൾ, മീഡിയാ ഗ്രൂപ്പുകൾ, ഇന്ത്യൻ അമേരിക്കൻ മാധ്യമ പ്രവർത്തകർ എന്നിവരടങ്ങുന്ന കൂട്ടായ്മയാണ് ഇന്തോ അമേരിക്കൻ പ്രസ് ക്ലബ്. ആഗോള തലത്തിൽ മാധ്യമ രംഗത്ത് സംഭവിക്കുന്ന മാറ്റങ്ങളെ മനസിലാക്കി അമേരിക്കയിലുള്ള ഇന്ത്യൻ മാധ്യമ പ്രവർത്തകർ കേരളത്തിലെ മാധ്യമ കൂട്ടായ്മകളുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് ഇന്തോ-അമേരിക്കൻ പ്രസ്ക്ലബ് ഭാരവാഹികൾ അറിയിച്ചു. ഇതിന്റെ തുടക്കമായാണ് കേരളത്തിലെ ഏറ്റവും ആദ്യത്തേതും ബൃഹത്തുമായ തിരുവനന്തപുരം പ്രസ്ക്ലബിന്റെ കീഴിലെ ഫോട്ടോ ജേർണലിസം കോഴ്സിൽ ഒന്നാം റാങ്ക് നേടുന്ന വിദ്യാർഥിക്ക് കാഷ് അവാർഡ് നൽകുവാൻ തീരുമാനിച്ചത്.

അജയ്ഘോഷ് (പ്രസിഡന്റ്), ജോൺസൺ പുഞ്ചക്കോണം (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്), ജേക്കബ് ഈശോ (വൈസ് പ്രസിഡന്റ്) ജില്ലി വി. സാമുവൽ (വൈസ് പ്രസിഡന്റ്) വിനീത നായർ (ജനറൽ സെക്രട്ടറി), മിനി നായർ (സെക്രട്ടറി), ജെയ്സൺ മാത്യു (സെക്രട്ടറി), ഫിലിപ്പ് മാരേട്ട് (സെക്രട്ടറി), രാജശ്രീ പിന്റോ (ട്രഷറർ), ബാബു ടി. തെക്കേക്കര (ജോ. ട്രഷറർ), ജിൻസ്മോൻ സഖറിയ (ചെയർമാൻ, ബോർഡ് ഓഫ് ഡയറക്ടേഴ്സ്), എ.സി ജോർജ് (വൈസ് ചെയർമാൻ, ബോർഡ് ഓഫ് ഡയറക്ടേഴ്സ്), മാത്യു മൂലച്ചേരിൽ (നാഷണൽ കോഓർഡിനേറ്റർ, ബോർഡ് ഓഫ് ഡയറക്ടേഴ്സ്) ജെയിൻ മാത്യു മുണ്ടയ്ക്കൽ (സെക്രട്ടറി, ബോർഡ് ഓഫ് ഡയറക്ടേഴ്സ്)എന്നിവരാണ് ഇന്തോ-അമേരിക്കൻ പ്രസ് ക്ലബ് ഭാരവാഹികൾ.

# ഫിലാഡൽഫിയായിൽ ഗാന്ധി ജയന്തി ആഘോഷം ഒക്ടോബർ അഞ്ചിന്

**ജോർജ് ഓലിക്കൽ**



*ഫിലാഡൽഫിയ:* ഓവർസീസ് റിട്ടേൺഡ് മലയാളി ഇൻ അമേരിക്ക (ഓർമ) ഇന്ത്യയുടെ രാഷ്ട്രപിതാവായിരുന്ന മഹാത്മ ഗാന്ധിജിയുടെ 145-ാമത് ജയന്തി ഒക്ടോബർ അഞ്ചിന് (ഞായർ) ആഘോഷിക്കുന്നു.

വൈകുന്നേരം 6.30ന് നോർത്ത് ഈസ്റ്റ് ഫിലാഡൽഫിയായിൽ റസവത് റസ്റ്ററന്റിലാണ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്.

അക്രമരഹിത നിസഹകരണ പ്രസ്ഥാനത്തിന് രൂപം കൊടുത്ത് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി വിജയം വരിച്ച മഹാത്മാ ഗാന്ധിജിയുടെ മാതൃക അക്രമവും അശാന്തിയും രക്തരൂക്ഷിതയുദ്ധങ്ങളും നടമാടുന്ന ഈ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ്. മഹാത്മ ഗാന്ധി പഠിപ്പിച്ച അഹിംസയിലൂന്നിയ നല്ല മാതൃക അമേരിക്കയിലെ മലയാളികളുടെ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ ഓർമ സംഘടിപ്പിക്കുന്ന ഗാന്ധിജയന്തി ആഘോഷ പരിപാടികളിലേക്ക് ഓർമയുടെ അംഗങ്ങളേയും അഭ്യുദയകാംക്ഷികളേയും ഭാരവാഹികൾ സ്വാഗതം ചെയ്തു.

അമേരിക്കയിൽ എത്തുന്നതിന് മുമ്പ് ഗൾഫ് രാജ്യങ്ങളിലും യൂറോപ്പിലും മറ്റ് ഏഷ്യൻ രാജ്യങ്ങളിലും ജോലി ചെയ്യുകയും പഠിക്കുകയും ചെയ്ത മലയാളികളുടെ കൂട്ടായ്മയാണ് ഓർമ.

മുൻ മേഘാലയ ഗവർണർ എം.എം ജേക്കബ്, ഡോ. എം. വി പിള്ള എന്നിവർ രക്ഷാധികാരികളായുള്ള ഈ പ്രസ്ഥാനത്തിന്റെ ദേശീയ പ്രസിഡന്റ് ജോസ് ആറ്റുപുറമാണ്. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ ഓർമയുടെ ചാപ്റ്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്: ജോസ് ആറ്റുപുറം 215 267 231 4643, ഫിലിപ്പോസ് ചെറിയാൻ 215 605 7310. സിബിച്ചൻ ചെപ്ളായിൽ 215 869 5604, ജോർജ് നടവയൽ 215 500 3590, അലക്സ് തോമസ് 845 268 3694.

# വടശേരിക്കര സംഗമം വർണ്ണാഭമായി

*ന്യൂയോർക്ക്:* വടശേരിക്കര സംഗമവും യു.എസ്.എയുടെ അഞ്ചാമത് പൊതുസമ്മേളനവും ആഘോഷപരിപാടികളും സെപ്റ്റംബർ 20ന് ഗ്ലെൻ ഓക്സിലുള്ള സന്തൂർ ഇന്ത്യൻ റെസ്റ്റോറന്റിൽ വെച്ച് നടന്നു.

പ്രസിഡന്റ് ഐപ്പ് ഫിലിപ്പിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തടത്തിൽ മത്തായി എം.സിയായിരുന്നു. മാത്യു മാമ്മൻ സ്വാഗതവും, ഉമ്മൻ മാത്യു നന്ദിയും രേഖപ്പെടുത്തി. സോമി മാത്യു, അനു തോമസ്, മാത്യു മാമ്മൻ എന്നിവർ ഗാനങ്ങൾ ആലപിച്ചു. സീനിയർ അംഗങ്ങളായ കെ.വി. ജോർജ്, ഐപ്പ് ഏബ്രഹാം, അമ്മിണി ഏബ്രഹാം എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു. സെക്രട്ടറി അനു തോമസ് പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ഉമ്മൻ മാത്യു വാർഷിക കണക്കുകളും അവതരിപ്പിച്ചു. പ്രശസ്ത ഗായകൻ കെ.ഐ. അലക്സാണ്ടറുടെ ഗാനമേളയും ഉണ്ടായിരുന്നു.

2015-ലെ ഭാരവാഹികളായി ഐപ്പ് ഫിലിപ്പ് (പ്രസിഡന്റ്), റ്റി.സി. കുര്യൻ (വൈസ് പ്രസിഡന്റ്), സാം ജേക്കബ് (ജനറൽ സെക്രട്ടറി), തടത്തിൽ മത്തായി (സെക്രട്ടറി), തോമസ് ചെറിയാൻ (ട്രഷറർ), തോമസ് വർഗീസ് (അക്കൗണ്ടന്റ്), മാത്യു മാമ്മൻ (കമ്യൂണിക്കേഷൻ കോർഡിനേറ്റർ) എന്നിവരെ തെരഞ്ഞെടുത്തു.

# മൂന്ന് ദിവസത്തിനകം വിറ്റഴിഞ്ഞത് 10 മില്യൺ ഐ ഫോണുകൾ

**പി.പി. ചെറിയാൻ**



*ന്യൂയോർക്ക്:* പുതിയ ആപ്പിൾ ഐ ഫോണുകൾ വിപണിയിൽ വിൽപ്പന ആരംഭിച്ച് മൂന്ന് ദിവസത്തിനകം 10 മില്യൺ ഫോണുകളാണ് വിറ്റഴിഞ്ഞതെന്ന് ആപ്പിൾ കമ്പനി സെപ്റ്റംബർ 22ന് പുറത്തിറക്കിയ പത്രകുറിപ്പിൽ പറയുന്നു. ഇതു എക്കാലത്തേയും റിക്കാർഡ് വിൽപ്പനയാണ്.

ഐഫോൺ 6, ഐ ഫോൺ 6 പ്ലസ് എന്നിവയാണ് പുതിയതായി ആപ്പിൾ മാർക്കറ്റിൽ വിൽപ്പനയ്ക്കായി എത്തിച്ചത്. യഥാക്രമം 4.7 ഇഞ്ചും 5.5 ഇഞ്ചും വലിപ്പമുള്ള സ്ക്രീനാണ് ടെലഫോൺ പ്രേമികളെ ഇത് വാങ്ങാൻ പ്രേരിപ്പിച്ചത്. നേരത്തെ ഐ ഫോണിന്റെ സ്ക്രീനിന് 4 ഇഞ്ചായിരുന്നു വലിപ്പം. കഴിഞ്ഞ വർഷം പുതിയതായി പുറത്തിറക്കിയ ഐ ഫോൺ ആദ്യ വാരാന്ത്യം 9 മില്യൺ മാത്രമാണ് വിൽപ്പന നടന്നത്.

ലോകമെമ്പാടുമുള്ള ആപ്പിൾ സ്റ്റോറുകൾക്ക് മുമ്പിൽ വിൽപ്പനയാരംഭിച്ച സെപ്റ്റംബർ 19 ന് രാവിലെ മുതൽ വമ്പിച്ച ജനാവലിയാണ് ക്യൂവിൽ അണിനിരന്നത്. ഇരുനൂറു ഡോളർ മുതൽ 400 ഡോളർ വരെയാണ് ഫോണിന്റെ വില. ഹോളിഡേ സീസണിൽ അമ്പത്തി അഞ്ച് മുതൽ 60 മില്യൺ വരെ ഐ ഫോണുകൾ വിൽപ്പന നടക്കുമെന്നാണ് സാൻഫോർഡ് ഫിനാൻഷ്യൽ അനലിസ്റ്റ് ടോണി സെതാനാവി പ്രതീക്ഷിക്കുന്നത്.

# എൻ ക്ലെക്സ് ക്ലാസ് പിയാനോയിൽ ഉദ്ഘാടനം ചെയ്തു

**ജോർജ് നടവയൽ**



*ഫിലാഡൽഫിയ:* പിയാനോയുടെ (പെൻസിൽവേനിയാ ഇന്ത്യൻ അമേരിക്കൻ നേഴ്സസ് ഓർഗനൈസേഷൻ) ആഭിമുഖ്യത്തിലുള്ള എൻ ക്ലെക്സ് (NCLEX) ക്ലാസുകൾ പിയാനോ പ്രസിഡന്റ് മേരി ഏബ്രാഹം ഉദ്ഘാടനം ചെയ്തു.

ടെസ്റ്റ് ടേക്കിങ്ങ് സ്കിൽസിനെക്കുറിച്ച് ബ്രിജിറ്റ് വിൻസന്റ് ആദ്യ ക്ലാസെടുത്തു.

പിയാനോ ആറു മാസത്തേക്ക് നടത്തുന്ന എൻ ക്ലെക്സ് ക്ലാസിന്റെ പ്രോഗ്രാം ഓവർവഎഡ്യൂക്കേഷൻ ചെയർപേഴ്സൺ സോഫി നടവയൽ വിശദീകരിച്ചു. സൂസൻ സാബൂ ക്ലാസ് കോർഡിനേറ്ററായി പ്രവർത്തിക്കുന്നു. ലൈലാ മാത്യു, വൽസാ തട്ടാർകുന്നേൽ, മറിയാമ്മ ഏബ്രഹാം എന്നിവർ പ്രോഗ്രാം കോർഡിനേറ്റേഴ്സാണ്.

മാസം തോറും ആദ്യ ഞായറാഴ്ച്ചകളിലും അവസാന ഞായറാഴ്ച്ചകളിലും രണ്ടു മണിക്കൂർ വീതം ആറു മാസത്തെ കോച്ചിങ്ങ് ക്ലാസാണുണ്ടാവുക. പീഡിയാട്രിക്, മെഡിക്കൽ, സർജിക്കൽ, മറ്റേണിറ്റി, സൈക്കാട്രി, ഫാർമസി എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ നേഴ്സ് പ്രാക്ടീഷണർമാരും നേഴ്സ് മാനേജർമാരുമാണ് ക്ലാസ് എടുക്കുന്നത്. ഇന്ത്യാ ഹെരിറ്റേജ് സെന്റർ, 5858, കാസ്റ്റർ അവന്യൂ, ഫിലാഡൽഫിയ 19149 എന്നാണ് ക്ലാസ്വേദിയുടെ മേൽവിലാസം.

കൂടുതൽ വിവരങ്ങൾക്ക്: പ്രസിഡന്റ് മേരി ഏബ്രഹാം, sapabraham@yahoo.com 610 850 2246, എഡ്യൂക്കേഷൻ ചെയർപേഴ്സൺ സോഫി നടവയൽ, sophy1965@hotmail.com 215 494 6753.

# കലാവേദി സംഗീത നൃത്തമത്സരങ്ങൾ 11ന്




*ന്യൂയോർക്ക്:* അമേരിക്കൻ മലയാളി യുവതലമുറയിലെ ഏറ്റവും മികച്ച കലാപ്രതിഭകളെ കണ്ടെത്തുന്നതിനായി കലാവേദി നടത്തുന്ന സംഗീത നൃത്തമത്സരങ്ങൾ 11 ശനിയാഴ്ച ന്യൂയോർക്കിലെ ടൈസൺ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. 1001 ഡോളറും പ്രശംസാഫലകവും അടങ്ങുന്ന കലാവേദി ഗോൾഡൺ അവാർഡാണ് ഒന്നാം സമ്മാനമായി നൽകുന്നത്.

വർധിച്ച ജനപ്രീതി പരിഗണിച്ച് മത്സരത്തിൽ ചേരുവാനുള്ള അവസരം ഒക്ടോബർ നാലു വരെ നീട്ടിയിട്ടുണ്ട്. കലാവേദി ഓൺലൈൻ. കോം എന്ന വെബ്സൈറ്റിൽ നിന്നും രജിസ്ട്രേഷൻ ഫോം ഡൗൺ ലോഡ് ചെയാവുന്നതാണ്. ഒക്ടോബർ 25ന് ന്യൂയോർക്കിൽ വച്ച് നടത്തപ്പെടുന്ന കലോത്സവത്തിൽ പ്രശസ്തരായ കലാകാരന്മാരുടെ സാന്നിധ്യത്തിൽ അവാർഡുകൾ സമ്മാനിക്കും.

പ്രശസ്ത കവിയും, എഴുത്തുകാരനും, മലയാള സർവകലാശാല വൈസ് ചാൻസിലറുമായ കെ.ജയകുമാർ ഒക്ടോബർ 25ന് കലോത്സവ പരിപാടികൾ ഉദ്ഘാടനം ചെയ്യും. ആദ്യം ടിക്കറ്റുകൾ വാങ്ങുന്നവർക്കായിരിക്കും മുൻഗണന.

# ഇരട്ട പൗരത്വം: പ്രതികരണങ്ങളുമായി ഒരു വീഡിയോ കാമ്പയിൻ

*ന്യൂയോർക്ക്:* ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇന്നും ഭാരതീയരായി തന്നെ ജീവിക്കുന്ന പ്രവാസി ഇന്ത്യക്കാർക്ക് ഇരട്ടപൗരത്വം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളാ വിഷൻ, പിന്റോ ഗ്ലോബൽ മീഡിയ, ലിജോ ജോൺ എന്നിവരുടെ നേതൃത്വത്തിൽ ഒപ്പു ശേഖരണത്തിന് തുടക്കം കുറിച്ചു.

അനേകായിരം ആൾക്കാർ വാർത്തകൾ വായിച്ചുവെങ്കിലും എന്തുകൊണ്ടോ ഇപ്പോഴും 174 ഒപ്പുകൾ മാത്രമേ ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളു. അതിന്റെ കാരണം കണ്ടെത്താൻ ഞങ്ങൾ ശ്രമിക്കുകയാണ്.

ഒരു കാരണമെന്ന് ഞങ്ങൾ കരുതുന്നതിതാണ്. ആ സൈറ്റിൽ പോകുമ്പോൾ, ആദ്യം കാണുന്നത് 'സംഭാവന' നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള സന്ദേശമാണ്. നിങ്ങൾ അത് ഒഴിവാക്കി നേരെ ഒപ്പിടാൻ സാധിക്കുന്ന ഓപ്ഷനിലേക്ക് പോകുക. എല്ലാവരുടെയും സഹകരണം ഞങ്ങൾ അഭ്യർഥിക്കുന്നു.




തോമസ് കൂവള്ളൂരും അദ്ദേഹം നേതൃത്വം നൽകുന്ന 'ജസ്റ്റീസ് ഫോർ ഓൾ' എന്ന മനുഷ്യാവകാശ സംരക്ഷണ പ്രസ്ഥാനം പിന്തുണയർപ്പിച്ചുകൊണ്ട് മുന്നോട്ടുവന്നു. ആ സംഘടന നയിക്കുന്ന ടെലി കോൺഫറൻസിലും പങ്കെടുക്കുക. ഒപ്പുശേഖരണത്തെ പറ്റിയുള്ള പ്രതികരണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു വീഡിയോ കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. കാമ്പയിനിൽ പങ്കെടുക്കാനും കൂടുതൽ അറിയാനും ഫിലിപ്പ് മാരേട്ട് 9737154205. ജോസ് പിന്റോ സ്റ്റീഫൻ 2016025091, ലിജോ ജോൺ 5169462222.

# പിറവം വാർഷികസംഗമം 18ന്

**ജോസ് കാടാപ്പുറം**

*ന്യൂയോർക്ക്:* പിറവം നേറ്റീവ് അസോസിയേഷന്റെ ഈ വർഷത്തെ വാർഷിക സംഗമം ഒക്ടോബർ 18ന് (ശനി) വൈകിട്ട് 5.30ന് ന്യൂയോർക്കിലെ ഫ്ളോറൽ പാർക്കിലുള്ള ടൈസൻ സെന്ററിൽ (26 N Tyson Ave, Floral Park, NY 11003) വിവിധ പരിപാടികളോടുകൂടി ആഘോഷിക്കുന്നു.

പിറവം നിവാസികളായ അംഗങ്ങളുടെ പ്രവർത്തനങ്ങളെ ആദരിക്കുന്ന ചടങ്ങും 'പിറവത്ത് എന്തുണ്ട് വിശേഷം' എന്ന പ്രത്യേക പരിപാടിയും ഉണ്ടായിരിക്കും. സ്നേഹവിരുന്നോടെ ചടങ്ങുകൾ സമാപിക്കും. ഈ സൗഹൃദ കൂട്ടായ്മയിലേക്ക് പിറവം നിവാസികളായ ഏവരേയും ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ബാബു തുമ്പയിൽ (പ്രസിഡന്റ്) 917 456 6359, ജയ്നമ്മ പെരുമ്പളത്ത് (സെക്രട്ടറി) 718 468 9189.

# ഒക്‌ലഹോമ ഹിന്ദു മിഷൻ ഓണം വർണ വിസ്മയമായി

**ശങ്കരൻകുട്ടി**

*ഒക്‌ലഹോമ:* ഒക്‌ലഹോമയിലെ മൂർ സിറ്റിയിലുള്ള ജിഎസ്ഒ ഹാളിൽ നടന്ന ഓണാഘോഷം വർണ്ണാഭമായി.

ഡോ. എം.വി. പിള്ള കവിത അവതരിപ്പിച്ചു.

നവീൻ ഭരതനാട്യവും, ബിന്ദുപിള്ള, സീമ ജയചന്ദ്, ജാനം ഗോപാലകൃഷ്ണൻ, പ്രസന്ന ബാബു, ശ്രീജ സുഗുണൻ, ബിന്ദു ജയപ്രകാശ്, വിദ്യാ സൂരജ്, സ്മിതാ സുഭാഷ് എന്നിവർ ചേർന്ന് തിരുവാതിര അവതരിപ്പിച്ചു.

സുഗുണൻ, സുമിത് പണിക്കർ, അജേഷ് സൈലേഷ് നവീൻ, ജാനം, ദീപ എന്നിവർ സംഘഗാനവും, ശിവകുമാർ രാമൻ, ഗോകുൽ, ഭദി പട്ടേൽ എന്നിവർ ഗാനങ്ങളും അപർണ, അച്ചു, മാളവിക, ശിവാനി, സുദീക്ഷ, വർഷ, ആദിത്യ, ആദ്യ, മാധവ്, നിധി, റിയ, സാനിയ, സിധാന്ത്, ശരത്, അഭി, രോഹിത്, പ്രണവ്, മാധവ്, വിഘ്നേഷ് എന്നീ കുരുന്നുകളുടെ നൃത്ത രൂപങ്ങളും അവതരിപ്പിച്ചു.

സീമയും അഞ്ജുവും ജാനവും ചേർന്ന് ദേശീയ നൃത്ത പരിപാടി അവതരിപ്പിച്ചു.

അജേഷ് രവീന്ദ്രന്റെ രംഗപടവും രാഹുൽ നായർ അവിനാഷ് മേനോൻ എന്നിവരുടെ നിയന്ത്രണത്തിലുള്ള ശബ്ദവും വെളിച്ചവും ആഘോഷങ്ങൾക്ക് മാറ്റു കൂട്ടി. സൈലേഷ്, അർച്ചന പ്രഭു എന്നിവരുടെ അവതരണമികവ് അഭിനന്ദനീയമായിരുന്നു. തുടർന്ന് ജയപ്രകാശ് നായരുടെ മേൽനോട്ടത്തിൽ തൂശനിലയിൽ ഓണസദ്യയും വിളമ്പിയതോടെ ഒക്‌ലഹോമ ഹിന്ദു മിഷൻ അണിയിച്ചൊരുക്കിയ ഓണാഘോഷം സമ്പന്നമായി.

## മാർത്തോമ യുവജന സഖ്യം ഭദ്രാസന സമ്മേളനം ഒക്ടോബർ 10 മുതൽ ടൊറന്റോയിൽ

**അലൻ ജോൺ**



*ന്യൂയോർക്ക്:* മാർത്തോമ സഭ നോർത്ത് അമേരിക്ക -യൂറോപ്പ് ഭദ്രാസന യുവജന സഖ്യത്തിന്റെ പതിനാറാമത് ഭദ്രാസന യുവജന സഖ്യ സമ്മേളനം ഒക്ടോബർ 10 മുതൽ 12 വരെ നടക്കും.

ടൊറന്റോയിലെ സെന്റ് മാത്യൂസ് മാർത്തോമ യുവജന സഖ്യം ആതിഥ്യം അരുളുന്ന ഈ വർഷത്തെ സമ്മേളനത്തിന്റെ ചിന്താവിഷയം 'ജീവന്റെ ആഘോഷം- ക്രിസ്തുവിനോടുകൂടെ' എന്നതാണ്. നയന മനോഹരവും പ്രകൃതി രമണീയവുമായ നയാഗ്ര വെള്ളച്ചാട്ടത്തിനു സമീപത്തുള്ള ഹിൽട്ടൻ ഗ്രാന്റ് ഇൻ ഹോട്ടൽ ആണ് സമ്മേളനത്തിനു വേദിയാകുക. മൂന്നു ദിവസം നീണ്ടു നിൽക്കുന്നു സമ്മേളനത്തിൽ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നായി വൈദീകരും യുവജനങ്ങളുമായി നാനൂറിൽ പരം സഭാ വിശ്വാസികൾ പങ്കെടുക്കും.

നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസന എപ്പിസ്കോപ്പാ ഡോ. ഗീവർഗീസ് മാർ തിയോഡോഷ്യസ് തിരുവനന്തപുരം - കൊല്ലം ഭദ്രാസന എപ്പിസ്കോപ്പാ തോമസ് മാർ തിമോത്തിയോസ് എന്നിവർ യുവജന സമ്മേളനത്തിന് നേതൃത്വം നൽകും. 'ജീവന്റെ ആഘോഷം ക്രിസ്തുവിനോടു കൂടെ' എന്ന ചിന്താവിഷയത്തെ ആസ്പദമാക്കിയുള്ള പഠനങ്ങൾ, ചർച്ചകൾ, സമ്മേളന സ്മരണിക, ആരാധന, ടാലന്റ് നൈറ്റ് തുടങ്ങി ആകർഷകങ്ങളായ പരിപാടികൾ ഈ വർഷത്തെ കോൺഫറൻസിന്റെ പ്രത്യേകതകളാണ്. നോർത്ത് അമേരിക്ക -യൂറോപ്പ് ഭദ്രാസന കലാമേള 2014 ഈ സമ്മേളനത്തിൽ നടക്കും.

വളരെ വിപുലമായ ക്രമീകരണങ്ങളാണ് കോൺഫറൻസിനായി ഒരുക്കിയിട്ടുള്ളത്. സെന്റ് മാത്യൂസ് യുവജന സഖ്യം പ്രസിഡന്റ് ഫാ. മാത്യു ബേബി, കോൺഫറൻസ് കൺവീനർ ജിമ്മി തോമസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ സബ് കമ്മിറ്റികൾ, ഭദ്രാസന യുവജന സഖ്യം ഭാരവാഹികൾ എന്നിവർ സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിനായ് പ്രവർത്തിച്ചുവരുന്നു. ക്രിസ്തുവിൽ ജീവന്റെ ആഘോഷം സഫലീകരിക്കുവാൻ, മഴവില്ലിൻ മനോഹാരിത നയനങ്ങൾക്ക് വിരുന്നൊരുക്കുന്ന, നയാഗ്രയുടെ കാഴ്ചകളിലൂടെ കടന്നു പോകുന്ന, ഭദ്രാസന യുവജന സഖ്യത്തിന്റെ പതിനാറാമത് സമ്മേളനം വിജയകരവും അനുഗ്രഹ പ്രദവും ആക്കുവാൻ എല്ലാവരുടെയും പ്രാർഥനാപൂർവമായ സഹകരണം ഭദ്രാസന യുവജന സഖ്യത്തിന്റെ ഭാരവാഹികൾ അഭ്യർഥിച്ചു.

ഗീവർഗീസ് മാർ തിയോഡോഷ്യസ് അധ്യക്ഷനായുള്ള ഭദ്രാസന യുവജന സഖ്യത്തിന്റെ ഭാരവാഹികളായി ഫാ. ഷാജി തോമസ് (വൈസ് പ്രസിഡന്റ്), റജി ജോസഫ് (സെക്രട്ടറി) മാത്യൂസ് തോമസ് (ട്രഷറർ) ലാന്റി തോമസ് (അസംബ്ലി പ്രതിനിധി) എന്നിവർ പ്രവർത്തിക്കുന്നു.

## സാഹിത്യ ശിൽപ്പശാലയും വിദ്യാരംഭവും നാലിന്

**ഷാജി രാമപുരം**

*ഡാളസ്:* കേരള ലിറ്ററി സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒക്ടോബർ നാലിന് ഗാർലന്റ് ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യുക്കേഷൻ സെന്ററിൽ രാവിലെ 10 മുതൽ സാഹിത്യ ശിൽപ്പശാലയും വിദ്യാരംഭവും സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

കെഎൽഎസ് പ്രസിഡന്റ് ഏബ്രഹാം തെക്കേമുറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ജോസൻ ജോർജ് പ്രവർത്തന റിപ്പോർട്ടും ട്രഷറർ പി.പി. ചെറിയാൻ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. സി.വി. ജോർജ്, തോമസ് മാത്യു, സുരേഷ് കുറുപ്പ്, അനൂപ സഖറിയ, മീനു എലിസബത്ത്, പ്രിയ ഉണ്ണികൃഷ്ണൻ തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

തൃശൂരിൽ നടന്ന ലാനയുടെ ദേശീയ സമ്മേളനത്തിൽ ഡാളസിൽ നിന്നും പങ്കെടുത്ത പ്രതിനിധികളെ ദേശീയ സെക്രട്ടറി ജോസ് ഒച്ചാലിൽ അഭിനന്ദിച്ചു.

ഒക്ടോബർ നാലിന് നടക്കുന്ന സാഹിത്യ ശിൽപ്പശാലയിലും വിദ്യാരംഭത്തിലും എല്ലാ പ്രവാസി മലയാളികളെയും ക്ഷണിക്കുന്നതായി സംഘാടകർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് : ഏബ്രഹാം തെക്കേമുറി (പ്രസിഡന്റ്) : 469 222 5521, ജോസൻ ജോർജ് (സെക്രട്ടറി) 469 767 3208, പി.പി. ചെറിയാൻ (ട്രഷറർ) : 214 450 4107.

## ഫോക്കസ് ഓൺലൈൻ പ്രസിദ്ധീകരണം ആരംഭിച്ചു

**പി.പി ചെറിയാൻ**




*ഡാളസ്:* 1990 ൽ ലണ്ടൻ കേന്ദ്രമാക്കി മാർത്തോമ സഭാംഗങ്ങൾ ആരംഭിച്ച ഫോക്കസ് എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ മാഗസിൻ ഫോക്കസ് എന്ന പേരിൽ പ്രസിദ്ധീകരണം പുരോഗമിക്കുന്നു.

മാർത്തോമ സഭയിലെ പുത്തൻ തലമുറക്ക് സഭയുടെ ആചാരങ്ങളേയും വിശ്വാസങ്ങളേയും ലിറ്റർജിയേയും കുറിച്ചു അവബോധം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഫോക്കസ് മാഗസിൻ പ്രസിദ്ധീകരണം ആരംഭിച്ചത്. മൂന്ന് മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന ഫോക്കസ് മാഗസിൻ ഓൺലൈനിൽ ലഭ്യമാകും.

പ്രവാസി മാർത്തോമ സഭാംഗങ്ങൾക്ക് പരസ്പരം ബന്ധപ്പെടുന്നതിനും ആശയ വിനിമയം നടത്തുന്നതിനും ഫോക്കസ് ഓൺലൈൻ മാഗസിൻ ഫേസ് ബുക്കിൽ ഒരു പ്രത്യേക ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ആയിരത്തിൽപരം അംഗങ്ങൾ ഇതിനകം ഈ ഗ്രൂപ്പിൽ ചേർന്നതായി ഭാരവാഹികൾ അറിയിച്ചു.

നവീകരണ പ്രസ്ഥാനത്തിലൂടെ രൂപീകൃതമായ മാർത്തോമ സഭ ഒന്നുമില്ലായ്മയിൽ നിന്നാരംഭിച്ച് ഇന്ന് ലോകത്തിന്റെ അഞ്ചു വൻ കരകളിലും പടർന്ന് പന്തലിച്ചപ്പോൾ പൂർവപിതാക്കന്മാർ ഉയർത്തിപിടിച്ച സനാതന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പ്രായോഗിക തലത്തിലെത്തിക്കുന്നതിനും യുവാക്കളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഫോക്കസ് മാഗസിന്റെ വിജയത്തിനായി ഏവരുടേയും സഹായ സഹകരണങ്ങൾ ഭാരവാഹികൾ അഭ്യർഥിച്ചു.

കൂടുതൽ വിവരങ്ങൾക്ക് : www.issue.comdiaspora.focus , www.scribid.com diaspora. focus.

## കരുണയുടെ 21 –ാമത് വാർഷിക കൂട്ടായ്മ 11ന്

**ബി. അരവിന്ദാക്ഷൻ**

*ന്യൂയോർക്ക്:* കാരുണ്യം തേടി എത്തുന്നവർക്ക് കരുണ ചാരിറ്റീസ് നൽകി വരുന്ന സേവനം ഇന്ന് ആഗോള പ്രശസ്തമാണ്. ന്യൂയോർക്ക്, ന്യൂജേഴ്സി, കണക്ടിക്കട്ട് സ്റ്റേറ്റുകളിലെ ഉദാരമതികളും അനുകമ്പാ ദീനരുമായവരുടെ 21-ാമത് കൂട്ടായ്മ 11ന് (ശനി) വൈകുന്നേരം അഞ്ചിന് യോങ്കേഴ്സിൽ നടത്തുന്നു. 22 മേയർ അവന്യു, യോങ്കേഴ്സിലെ നേഹപാലസ് ആണ് വേദി.

കുടുംബ സൗഹൃദ കലാപരിപാടികൾ, ഡിന്നർ, ഡയമണ്ട് നെക്‌ലസ് റാഫിൾ, അനുമോദന സമ്മാനങ്ങൾ എന്നിവ കൊണ്ട് 21-ാമത് കരുണ ചാരിറ്റി ഫണ്ട് സഹകരണ സംരംഭം വ്യത്യസ്തമായ ഒരു കുടുംബ കൂട്ടായ്മയാകും.

ദുഃഖം അനുഭവിക്കുന്നവരോടുള്ള നമ്മുടെ കടപ്പാടിന് പൂർണമായും പരിഹാരം കാണാനാവില്ല. എന്നാൽ കുറച്ച് പേർക്കെങ്കിലും അസുഖത്തിൽ നിന്നും പട്ടിണിയിൽ നിന്നും മുക്തിയും സമാധാനവും പ്രദാനം ചെയ്യാൻ കഴിയുന്നത് ഏവരുടേയും കടമയാണ്.

സങ്കടക്കാരുടെ എഴുത്തുകളും അപേക്ഷയും ധാരാളം ലഭിക്കുന്നതായി ലില്ലിക്കുട്ടി ഇല്ലിക്കൽ പറഞ്ഞു. പണമായും വസ്തുക്കളായും ഒരു മില്യൻ ഡോളറിൽ അധികം സംഭാവനയാണ് കരുണ ചാരിറ്റിയുടെ വിവിധ ചാപ്റ്ററുകളിലൂടെ സമാഹരിച്ച് നൽകിയത്. ആഫ്രിക്ക, ഇന്ത്യ, അമേരിക്ക എന്നീ രാഷ്ട്രങ്ങളിൽ ചികിത്സ, ഭക്ഷണം, വസ്ത്രം, ഔഷധം, വിദ്യാഭ്യാസം, വിവാഹം എന്നീ ആവശ്യങ്ങൾക്ക് ജീവിതം വഴിമുട്ടിയവർക്കാണ് കരുണയുടെ കാരുണ്യം കൈത്താങ്ങ് ആയത്.

## മാർ ജോയി ആലപ്പാട്ട് അഭിഷിക്തനായി



*ഷിക്കാഗോ:* ഷിക്കാഗോ സീറോ മലബാർ രൂപതയുടെ സഹായ മെത്രാൻ മാർ ജോയ് ആലപ്പാട്ട് അഭിഷിക്തനായി. സഭയുടെ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ചടങ്ങുകളിൽ മുഖ്യകാർമികനായി.

ഷിക്കാഗോ സീറോ മലബാർ കത്തീഡ്രലിൽ നടന്ന ചടങ്ങുകളിൽ ഷിക്കാഗോ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, ഇരിഞ്ഞാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ എന്നിവരും അമേരിക്കയിലെ സീറോ മലങ്കര, ലാറ്റിൻ, ഉക്രെയിൻ സഭകളിൽനിന്നുള്ള 12 ബിഷപ്പുമാരും ശശ്രൂഷകളിൽ പങ്കെടുത്തു. അമേരിക്കൻ രൂപതകളിൽനിന്നുള്ള പ്രതിനിധികൾ, ഷിക്കാഗോ രൂപതയിലെ നൂറോളം വൈദികർ എന്നിവരും ശുശ്രൂഷകളിൽ പങ്കെടുത്തു. അമേരിക്കയിലെ വിവിധ പ്രദേശങ്ങളിൽനിന്നെത്തിയ ആയിരക്കണക്കിനു വിശ്വാസികൾ ചടങ്ങുകൾക്കു സാക്ഷ്യംവഹിച്ചു.

പാരീഷ് ഹാളിൽനിന്നു തിരുവസ്ത്രങ്ങൾ അണിഞ്ഞു കൊടിമരം ചുറ്റി പ്രദക്ഷിണമായി ദേവാലയത്തിൽ പ്രവേശിച്ചതോടെയാണു തിരുകർമങ്ങൾ തുടങ്ങിയത്. കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ, മാർ ജേക്കബ് തൂങ്കുഴി, സീറോ മലബാർ സഭ കൂരിയ ചാൻസലർ ഫാ.ആന്റണി കൊള്ളന്നൂർ തുടങ്ങിയവരും ചടങ്ങുകളിൽ പങ്കെടുത്തു. ഫാ. സെബാസ്റ്റ്യൻ അരീക്കാട്ട് മെത്രാഭിഷേക ചടങ്ങുകളിൽ ആർച്ച്ഡീക്കനായിരുന്നു. ഷിക്കാഗോ രൂപതാ ചാൻസലർ ഫാ.സെബാസ്റ്റ്യൻ വേത്താനത്ത് മാർപാപ്പയുടെ ഡിക്രി വായിച്ചു.

നാലായിരം പേർക്ക് ഇരുന്ന് തിരുകർമങ്ങൾ വീക്ഷിക്കാനും വാഹന പാർക്കിംഗിനുമുള്ള സൗകര്യങ്ങളും ഒരുക്കിയിരുന്നു. വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും തയാറാക്കിയിരുന്നു. ജനറൽ കൺവീനർ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, ജനറൽ കോർഡിനേറ്റർ ജോസ് ചാമക്കാല എന്നിവരുടെ നേതൃത്വത്തിൽ നാൽപ്പതോളം കമ്മറ്റികളാണ് ചടങ്ങുകളുടെ വിജയത്തിനായി അഹോരാത്രം പ്രവർത്തിച്ചത്.

# നിര്യാതരായി

## ഉതിമല വർക്കി ഏബ്രഹാം

*ന്യൂജേഴ്സി :* പെരുമ്പാവൂർ മേക്കപാല, ഉതിമല വർക്കി ഏബ്രഹാമിന്റെ (76) സംസ്കാരം 27ന് ന്യൂയോർക്ക് പൈൻലോൺ മെമ്മോറിയൽ പാർക്ക് ആൻഡ് ഗാർഡൻ മുസോളിയം, ഫാമിങ്ങ്ഡെയിൽ, സെമിത്തേരിയിൽ നടന്നു.

സംസ്ക്കാര ശുശ്രൂഷകൾക്ക് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് പള്ളി വികാരി ഫാ. ബാബു വർഗീസ് (ഷേബാലി അച്ചൻ) നേതൃത്വം നൽകി. അനുശോചനത്തിന് 201 286 3754.

ഫിലിപ്പ് മാരേട്ട് അറിയിച്ചതാണിത്.

## ഏലിയാമ്മ വർഗീസ്



*ലോസ്ആഞ്ചലസ്:* പന്തളം പൂഴിക്കാട് ചീക്കൻപാറയിൽ പരേതനായ വർഗീസ് ഉണ്ണൂണ്ണിയുടെ ഭാര്യ ഏലിയാമ്മ വർഗീസ് (103) നിര്യാതയായി.

സംസ്കാരം സെപ്റ്റംബർ 27ന് കുടശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു.

മക്കൾ: പൊന്നമ്മ, തങ്കച്ചൻ, ശാമുവൽ, ലീലാമ്മ, പരേതരായ ബേബി, പാപ്പച്ചൻ, ജോൺ, ഓമന.

ജോൺസൺ ചീക്കൻപാറയിൽ അറിയിച്ചതാണിത്.

## തോമസ് ഏബ്രഹാം



*ന്യൂയോർക്ക് :* യോങ്കേഴ്സിലെ ബീബീസ് റസ്റ്ററന്റ് ഉടമയും അമയന്നൂർ വള്ളിക്കാട്ടിലായ ഞാറക്കൽ കുടുംബാംഗവുമായ തോമസ് ഏബ്രഹാം (ബേബി-63) കോട്ടയത്ത് മാലത്തുള്ള വസതിയിൽ നിര്യാതനായി. സംസ്കാരം അരീപറമ്പ് സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളിയിൽ പിന്നീട്.

പരേതൻ യോങ്കേഴ്സിലെ പാർക്ക്ഹിൽ സെന്റ് ഗ്രിഗോറിയോസ് പള്ളി ഇടവകാംഗമായിരുന്നു. അമയന്നൂർ ഓമത്തിലായ പന്തൽമാക്കൻ ലീലാമ്മയാണ് ഭാര്യ. മക്കൾ: എബി തോമസ്, ലിബി തോമസ്. മരുമകൾ: അനീഷ. എമ്മ കൊച്ചുമകൾ. (എല്ലാവരും ന്യൂയോർക്ക്).

പാർക്ക്ഹിൽ സെന്റ് ഗ്രിഗോറിയോസ് പള്ളി വികാരി റവ.ഫാ. നൈനാൻ, ടി. ഈശോ പരേതന്റെ നിര്യാണത്തിൽ അനുശോചിച്ചു. ബിജു ചെറിയാൻ അറിയിച്ചതാണിത്.

## മറിയാമ്മ മാത്യു



*ഹാം:* ജർമനിയിലെ സാമൂഹ്യ, സാംസ്കാരിക, സംഘടനാ പ്രവർത്തകനായ ആലനിൽ താമസിയ്ക്കുന്ന കറുകച്ചാൽ സ്വദേശി ഇടമുറിയ്ക്കൽ മാത്യു മാത്യുവിന്റെ (ബോസ്, ആലൻ) ഭാര്യ മറിയാമ്മ മാത്യു (ഷൈനി- 68) നിര്യാതയായി. സെപ്റ്റംബർ 27ന് (ശനി) വൈകുന്നേരം ഏഴുമണിയ്ക്ക് ഹാമിലെ സെന്റ് മരിയൻ ആശുപത്രിയിലായിരുന്നു അന്ത്യം.

വയനാട് സുൽത്താൻബത്തേരി കല്ലൂർ കുടുംബാംഗമാണ് പരേത. സംസ്കാരം പിന്നീട്.

മക്കൾ: ഷിബി, ഡോ ഷിബു. മരുമക്കൾ: ബേസി (എൻജിനീയർ), ഡോ.സിജി. കൊച്ചുമക്കൾ: കായാ, ലലാനി. ജോസ് കുമ്പിളുവേലിൽ അറിയിച്ചതാണിത്.

**വാർത്തകൾക്ക്...**

Tel: 267-991-211 e-mail

:georgethazhakara@gmail.com




# ഫാ. കെ.സി. മാത്യൂസ് കുട്ടോലമഠം നിര്യാതനായി



**ജോർജ് തുമ്പയിൽ**

*ന്യൂജഴ്സി:* മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിലെ ഏറ്റവും സീനിയർ വൈദികനായ ഫാ. കെ.സി. മാത്യൂസ് കുട്ടോലമഠം (98) തിരുവനന്തപുരത്തെ വസതിയിൽ ദിവംഗതനായി.

സംസ്കാരം സെപ്റ്റംബർ 27 ന് (ശനി) രാവിലെ ഒമ്പതിന് പാറ്റൂർ സെന്റ് ഇഗ്നേഷ്യസ് ക്നാനായ പള്ളി സെമിത്തേരിയിൽ നടന്നു.

കുറിച്ചി പുതിയമഠം പരേതയായ ശോശാമ്മയാണ് ഭാര്യ. മക്കൾ : പരേതനായ മാത്യു ജേക്കബ്, കെ.എം. മാത്യു, കെ.എം. തോമസ് (റിട്ട. കമാൻഡർ), ഡോ. കെ. ഏബ്രഹാം (റിട്ട.ട്യൂബർ ക്രോപ്സ്), ജോസഫ് മാത്യു (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ, ന്യൂയോർക്ക്), സൂസി മാത്യു (റിട്ട. സൂപ്രണ്ട്, കെഎസ്ആർടിസി), ആനി സൈമൺ (റിട്ട. കുമരകം കോ ഓപ്പറേറ്റീവ് ബാങ്ക് ഉദ്യോഗസ്ഥ) ഡോ. മറിയാമ്മ രാജു, സാറാമ്മ രാജു (റിട്ട. പ്രഫ. എൻജിനിയറിംഗ് കോളജ് തൃശൂർ).

മരുമക്കൾ : സാറാമ്മ ജേക്കബ്, ലില്ലി മാത്യു, ഓമന തോമസ്, വൽസാ ഏബ്രഹാം, തങ്കമണി ജോസഫ് (ഹായ്ക്കൻസാക്ക് മെഡിക്കൽ സെന്റർ, പാറ്റേഴ്സൺ, ന്യൂയോർക്ക്), കെ.എം. മാത്തൻ, കെ.കെ. സൈമൺ, ഡോ. രാജു ഏബ്രഹാം, രാജു ഇരണയ്ക്കൻ.

1932 ജനുവരി 13ന് തേർഡ് ഫോമിൽ പഠിച്ചു കൊണ്ടിരുന്ന കാലത്ത് പ.ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും ശെമ്മാശപട്ടവും 1940 നവംബർ 26ന് മാർ യൂലിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കശീശാ പട്ടവും സ്വീകരിച്ചു. ഇടവക പള്ളിയായ ചെങ്ങളം പള്ളിയിൽ സേവനമനുഷ്ഠിച്ചശേഷം പോത്താനിക്കാട് സെന്റ് മേരീസ് പള്ളിയിൽ വൈദികനായും പള്ളിവക സ്കൂളിൽ അധ്യാപകനായും സേവനം ചെയ്തു. ചിങ്ങവനം പുത്തൻപള്ളിയിൽ വികാരിയായും മാർ അപ്രേം സെമിനാരിയിൽ സമുദായ സെക്രട്ടറിയായും പ്രവർത്തിച്ചു. പിന്നീട് വേളൂർ സെന്റ് ജോൺസ് സ്കൂളിൽ അധ്യാപകനായി ജോലി ചെയ്തു. ചെങ്ങളം പള്ളിയിൽ വികാരിയായിരിക്കുമ്പോഴാണ് 1951 ൽ തിരുവനന്തപുരം മാർ ഇഗ്നേഷ്യസ് ക്നാനായ പള്ളിയിൽ വികാരിയായി നിയമിതനായത്. സെന്റ് ജോസഫ് സ്കൂളിൽ അധ്യാപകനായി ജോലി ചെയ്തു. 1981 ൽ വികാരി സ്ഥാനം ഒഴിഞ്ഞു. രണ്ടുവർഷം കുറിച്ചി വനിതാ മന്ദിരം ചാപ്പലിൽ സേവനമനുഷ്ഠിച്ചു. തുടർന്ന് പാപ്പനംകോട്ട് കുടുംബസഹിതം സ്വസ്ഥമായ ജീവിതം നയിച്ചുവരികയായിരുന്നു.

സെന്റ് ഇഗ്നേഷ്യസ് ക്നാനായ ഇടവകയുടെ ആഭിമുഖ്യത്തിൽ പൗരോഹിത്യ സപ്തതി ആഘോഷിക്കുകയും സ്മരണിക പ്രസിദ്ധീകരിക്കുകയും ചെയ്തു.

# 'സായന്തനം' നാടകം 11ന് ഡാളസിൽ



**മാർട്ടിൻ വിലങ്ങോലിൽ**

*ഡാളസ്:* ത്രിവി പ്രൊഡക്ഷൻസിന്റെ ബാനറിൽ ഡാളസ് ഫോർട്ട് വർത്തിലെ കലാകാരന്മാർ അവതരിപ്പിക്കുന്ന നാടകം 'സായന്തനം' ഡാളസിൽ 11ന് അരങ്ങേറും.

ഗാർലൻഡ് സെന്റ് തോമസ് ഫൊറോന ദേവാലയ ഓഡിറ്റോറിയമാണ് നാടകത്തിനു പ്രഥമ വേദിയാകുന്നത്. ചാർലി അങ്ങാടിശേരിയാണ് ജീവിത സ്പർശിയായ ഈ കുടുംബ നാടകത്തിന്റെ സംവിധാനം നിർവഹിച്ചിരിക്കുന്നത്. ഫ്രാൻസിസ് ടി. മാവേലിക്കരയാണ് രചന.

ഡാളസിലെ കലാപ്രേമികൾ വളരെ ആകാംഷയോടെയാണ് ഈ നാടകത്തെ ഉറ്റുനോക്കുന്നത്. നാടകത്തിൽ ആധുനിക കുടുംബ ബന്ധങ്ങളുടെ ശിഥിലതയും മാതാപിതാക്കളുടെ അനാഥത്വവും ആനുകാലിക ഭാഷയിൽ നാടകകൃത്ത് ഏറ്റവും ഭംഗിയായി ആവിഷ്കരിച്ചിരിക്കുന്നു. അരങ്ങത്തും ടെലി സീരിയൽ രംഗത്തും കഴിവ് തെളിയിച്ച ഡാളസിലെ ഒരു കൂട്ടം അനുഗ്രഹീത കലാകാരന്മാരാണ് ഈ നാടകത്തിൽ അണിനിരക്കുക.

മുഖ്യകഥാപാത്രങ്ങളായി കോന്നിയൂർ ജെയിംസും മീന നിബുവും വേഷമിടുന്നു. അവരോടൊപ്പം സെബാസ്റ്റ്യൻ മാണി, ലിസമ്മ സേവ്യർ, ഷാജി വേങ്ങാട്ട്, ജിജി ആറാംചേരിൽ, ബെന്നി മറ്റക്കര, ചാർലി അങ്ങാടിശേരിൽ, വില്യംസ് എന്നിവരും രംഗത്തെത്തുന്നു.

വിൻസെന്റാണ് നാടകത്തിന്റെ പശ്ചാത്തലം ഒരുക്കുന്നത്. യൂജിൻ ടീം ശബ്ദവും അനിയൻ കുഞ്ഞ് പ്രകാശവും നിയന്ത്രിക്കുന്നു. പ്രവേശനം പാസ് മൂലം നിയന്ത്രിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും കോന്നിയൂർ ജയിംസ് :214 564 6544, സെബാസ്റ്റ്യൻ മാണി: 817 800 1682, ചാർളി അങ്ങാടിച്ചേരിൽ: 817 296 8255.

# ഷട്ടിൽ ടൂർണമെന്റ് വിജയകരമായി സമാപിച്ചു

*ന്യൂജേഴ്സി:* ന്യൂജേഴ്സി സെന്റ് ബസേലിയോസ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഷട്ടിൽ ടൂർണമെന്റ് ജനപങ്കാളിത്തംകൊണ്ട് ഏറെ ശ്രദ്ധേയമായി. പെൻസിൽവാനിയ, ന്യൂജേഴ്സി, ന്യൂയോർക്ക് എന്നി സ്റ്റേറ്റുകളിൽ നിന്നുള്ള ഷട്ടിൽ പ്രേമികളുടെ ഒരു സംഗമം ആയി അത് മാറി.

കായികമേളയുടെ ഔദ്യോഗിക ഉത്ഘാടനം, സെപ്റ്റംബർ 27 ശനിയാഴ്ച രാവിലെ, സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സുപരിചിതനും, കറപുരളാത്ത വ്യക്തിത്വത്തിനുടമയുമായ എബ്രഹാം ഫില്ലിപ്സ് (ലാലച്ചൻ) നിർവഹിച്ചു. പ്രമുഖ ടെലിവിഷൻ അവതാരക ജെസ്സിക പുരയ്ക്കൽ എംസി ആയിരുന്നു. രജിസ്ട്രേഷൻ ഡസ്ക് രാജേഷ് കോര, സജു തോമസ്, ജേക്കബ് ഈശോ എന്നിവർ കൈകാര്യം ചെയ്തു.

പുരുഷവിഭാഗം ഡബിൾസിൽ ബിജേഷ് തോമസ്& ജോയൽ സക്കറിയ, വനിതാ വിഭാഗം ഡബിൾസിൽ സജീനഡേവിഡ് &ലിൻസി തോമസ്, മിക്സഡ് ഡബിൾസിൽ ബിജേഷ് തോമസ്&സീമ ബിജേഷ് എന്നിവർ ഒന്നാംസ്ഥാനം കരസ്ഥമാക്കി.

പുരുഷവിഭാഗം സിംഗിൾസിൽ ഒസാമ അബിദ് ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. വാശിയേറിയ വനിതാ വിഭാഗം സിംഗിൾസിൽ, അനെറ്റ് ജോർജിനെ പരാജയപ്പെടുത്തി മിഷേൽ ആൻ ഡാനീയേൽ ഒന്നാംസ്ഥാനം നേടി.

വിജയികളായ ടീമുകൾക്കുള്ള സമ്മാനങ്ങൾ യൊണക്സ് അമേരിക്ക, ഹീലിംഗ് സ്റ്റാർ ഫിസിക്കൽ തെറാപ്പി, സേബർ ക്ലൗഡ് സൊലൂഷൻസ്, പ്രോമിനെന്റ് പ്രോപർടീസ്, അരോമ പാലസ് എന്നിവർ സ്പോൺസർ ചെയ്തു.

# ഗാന്ധിയൻ ദർശനങ്ങളുടെ ഉൾവിളി

ജനകീയസമിതി സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തുവെച്ച് നടന്ന ഗാന്ധിയൻ സെമിനാറിൽ നിന്നും

## അരുന്ധതി റോയി ഇവിടെ വന്ന് ഗാന്ധിജിയുടെ പേരിൽ ചൊരിഞ്ഞ അസഭ്യങ്ങൾ എന്നിൽ നടുക്കമാണ് ഉണ്ടാക്കിയത്

സി.പി.നായർ
(മുൻ ചീഫ് സെക്രട്ടറി)






**ഹ്ര**സ്വമെങ്കിലും പ്രാധാന്യമുള്ള ഒരു വിഷയം അവതരിപ്പിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഗാന്ധിജിയെക്കുറിച്ച് ഗൗരവമായി ചിന്തിക്കുവാൻ ഈ സെമിനാർ ഉപകരിക്കുമെന്നാണ് പ്രതീക്ഷ.

രണ്ടാഴ്ചമുമ്പ് പ്രശസ്ത സാഹിത്യകാരിയായ അരുന്ധതി റോയി നടത്തിയ പ്രസംഗം സ്വാഭാവികമായും അവശ്വസനീയമായി തോന്നി.

സുഗതച്ചേച്ചിയുടെ പ്രിയദർശിനി എന്നൊരു കവിതയുണ്ട്. കണ്ണുനിറയാതെ ആ കവിത വായിച്ചുതീരില്ല. ഗുരുഹത്യയും മാതൃഹത്യയും ചെയ്തവർ നമ്മൾ എന്നൊരു വരിയുണ്ടതിൽ. ഗുരുഹത്യ എന്നേ നമ്മൾ ചെയ്തിരിക്കുന്നു. എഴുപതുവർഷങ്ങൾക്കു മുമ്പ് മഹാത്മജിയെ വെടിവച്ചുകൊന്നു.

അരുന്ധതി റോയി ഇവിടെ വന്ന് ഗാന്ധിജിയുടെ പേരിൽ ചൊരിഞ്ഞ അസഭ്യങ്ങൾ എന്നിൽ നടുക്കമാണ് ഉണ്ടാക്കിയത്. കേരളയൂണിവേഴ്സിറ്റിയുടെ ശ്രീകോവിലായ സെനറ്റ് ഹാളിൽവെച്ച് അരുന്ധതി റോയി ചെയ്ത പ്രസംഗം നമുക്ക് അവമാനം വരുത്തിവെച്ചിരിക്കുന്നു. സർ.സി.പി.രാമസ്വാമിയുടെയും ഡോ.ജോൺ മത്തായിയുടെയും രാമസ്വാമി മുതലിയാരുടെയും ഡോ.അയ്യപ്പന്റെയും ഒക്കെ ചിത്രങ്ങളുടെ സാന്നിദ്ധ്യത്തിലാണ് അവർ ആ പ്രസംഗം ചെയ്തത്. അവർ അവിടെ പറഞ്ഞതെന്തായിരുന്നു. ഒന്ന്, ഗാന്ധിജി വർഗ്ഗീയവാദിയായിരുന്നു. രണ്ട്, ഗാന്ധിജി ജാതീയവാദിയുമായിരുന്നു. മൂന്ന്, ഗാന്ധിജി അവസരവാദിയായിരുന്നു. അയാളുടെ പേര് സർവ്വകലാശാലയ്ക്ക് കൊടുക്കുന്നത് അബദ്ധമാണ്. ഇതു പറയുന്നത് ആരാണെന്നോർക്കുക. എനിക്കവരോട് പരിഭവമില്ല. കാരണം, അരുന്ധതി റോയിയുടെ നിലപാട് കാശ്മീരിനെക്കുറിച്ചാണെങ്കിലും, വടക്കുകിഴക്കൻ സംസ്ഥാനങ്ങളെക്കുറിച്ചാണെങ്കിലും അവരുടെ നിലപാട് നമുക്കറിയാവുന്നതാണ്.

ഗാന്ധിജി സവർണ്ണഹിന്ദുത്വ ഫാസിസ്റ്റാണ്. ഇതാണ് ഇപ്പോഴത്തെ ഏറ്റവും ജനപ്രീതി നേടിയ പ്രയോഗം. പാവപ്പെട്ട കവി പി.കുഞ്ഞിരാമൻനായരെ വരെ അങ്ങനെയാണ് വിളിച്ചത്.

യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസിലർക്കും പ്രോ വൈസ് ചാൻസിലർക്കും അദ്ധ്യക്ഷൻമാർക്കും സെനറ്റ് അംഗങ്ങൾക്കും അവരുടെ നിലപാടുകളെക്കുറിച്ചറിയാം. ഇതെല്ലാം അറിഞ്ഞിട്ടും ആനയും അമ്പാരിയും കൊട്ടും കുരവുമായിട്ട് അവരെ ക്ഷണിച്ചിരിക്കുന്നു. ഞാനും നിങ്ങളും വെള്ളം കോരിയും വിറകുവെട്ടിയും കഴിയുന്ന പാവങ്ങളുടെ കരമടച്ച കാശുകൊണ്ട് പുലരുന്ന യൂണിവേഴ്സിറ്റിയിൽ വെച്ചാണ് ഇങ്ങനെ ഒരു പ്രസംഗം അവർ നടത്തിയത്. അതിൽ എനിക്കു ദുഃഖമുണ്ട്. എനിക്ക് അത്ഭുതം തോന്നിയില്ല. ആരും അവിടെ പ്രതിഷേധിച്ചില്ല.

കഴിഞ്ഞദിവസം ഒരു സിനിമ തീയറ്ററിൽ ദേശിയ ഗാനം പാടിയപ്പോൾ കുറെ ചെറുപ്പക്കാർ എഴുന്നേറ്റു നിന്നു ഉച്ചത്തിൽ കൂവി എന്നു കേട്ടു. ചിലരതിന്റെ പടം എടുത്തു. ചിലർ ആഭാസകരമായ കമന്റുകൾ പാസാക്കി. ഇവരൊക്കെയാണ് യുവജനസംഘടനകളുടെ നേതാക്കളായി, എം.എൽ.എമാരായി നാളെ നമ്മെ ഭരിക്കാൻ പോകുന്നത്. ദേശീയ ഗാനം കേൾക്കുമ്പോൾ, ദേശീയപതാകയുടെ ചിത്രം കാണുമ്പോൾ ക്ഷോഭിച്ച് ബഹളം കൂട്ടുന്നവർ ദേശവിരുദ്ധരാകുന്നുവെന്ന് അവർ അറിയുന്നില്ല.

അരുന്ധതി റോയിയുടെ പ്രസംഗത്തിൽ ഖേദിക്കുന്നുവെന്ന് പറയുവാൻ ഇവിടുത്തെ വൈസ് ചാൻസിലറിനോ, രജിസ്ട്രാർക്കോ കഴിഞ്ഞില്ല. സിന്റിക്കേറ്റ് അംഗങ്ങളാരും ചെയ്തില്ല. കേട്ടിരുന്നവരും പ്രതിഷേധിച്ചില്ല. ഞാൻദുഃഖിക്കുന്നു.

ഗാന്ധിജി വിമർശനാതീതനല്ല, ടാഗോർ വിമർശനാതീതനല്ല, ദേശീയപതാക വിമർശനാതീതമല്ല എന്നു പറഞ്ഞ് നാളെ ആരെങ്കിലും ദേശിയപതാക ഒരു പട്ടിയുടെ ദേഹത്തു കെട്ടി സ്വതന്ത്ര്യദിനമാഘോഷിക്കുന്നുവെങ്കിൽ അതു നമുക്ക് സഹിക്കാനാവില്ല. ദേശിയ ഗാനം കേൾക്കുമ്പോൾ ഞങ്ങളെപ്പോലെയുള്ളവരുടെ ചോര തിളയ്ക്കും. ആ ഗാനം ജോർജ് അഞ്ചാമനെ സ്തുതിക്കാൻ വേണ്ടി എഴുതിയതാണെന്നും അതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിനു നൊബേൽ സമ്മാനം കിട്ടിയതെന്നുമുള്ള ഒരു സിദ്ധാന്തത്തിനു പ്രചരണം ലഭിക്കുന്നു. വന്ദേമാതരം കേട്ടാൽ ഇപ്പോഴും എന്റെ കണ്ണുനിറയും.

ഗാന്ധിജിയെക്കുറിച്ച് എണ്ണമല്ലാത്ത ചർച്ചകൾ നടക്കുന്നുണ്ട്. ഉദാത്തമായ ധൈഷണികമായ ചർച്ചകൾ നടക്കുന്നുണ്ട്. ഗാന്ധിജിയുടെ സംഭാവന എന്താണ്, ഗാന്ധിജിയുടെ കാലികപ്രസക്തി എന്താണ് എന്നൊക്കെ വിലയിരുത്തപ്പെടുന്നുണ്ട്. എന്നാൽ അദ്ദേഹത്തെ നിത്യജീവിതത്തിൽ ആരോർക്കുന്നു. ഒക്ടോബർ 2നും ജനുവരി 30നും ഫോട്ടോവച്ച് വിളക്കുവെച്ച് ഓർമ്മിക്കുന്നുണ്ട്. ഇങ്ങനെ മതിയോ?

രാഷ്ട്രപിതാവ് എന്നത് ഒരു ഐക്കൺ മാത്രമല്ല. അദ്ദേഹത്തിന്റെ ചിന്താപദ്ധതിയുടെ, അദ്ദേഹത്തിന്റെ അഭിപ്രായങ്ങളുടെ, അദ്ദേഹത്തിന്റെ ദർശനത്തിന്റെ വലിപ്പം എത്രയെന്ന് നമ്മൾ മനസ്സിലാക്കിയിട്ടില്ല. പക്ഷെ, സായിപ്പ് മനസ്സിലാക്കിയിട്ടുണ്ട്. അവിടെ ഏറ്റവും ചെറിയ സർവ്വകലാശാലയിൽപോലും ഗാന്ധിജിയുടെ പേരിൽ ചെയറുണ്ട്. നമുക്കുമാത്രമെ ഇല്ലാതുള്ളു. മഹാനായ സർ സി.പി.രാമസ്വാമി സ്ഥാപിച്ച സർവ്വകലാശാലയുടെ സെനറ്റ് ഹാളിൽ വച്ച് ഗാന്ധിജിയെ തെറി പറയുന്നത് നമ്മൾ കേട്ടിരുന്നു. അത്രയേയുള്ളു ഗാന്ധിജി നമുക്ക് നമ്മുടെ ജീവിതത്തിൽ, സാംസ്കാരിക ജീവിതത്തിൽ, വിദ്യാഭ്യാസ ജീവിതത്തിൽ, ആദ്ധ്യത്മിക ജീവിതത്തിൽ നമുക്കൊരു സ്വാധീനവുമില്ല. പക്ഷെ, എല്ലായിടത്തും പടം വയ്ക്കുന്നു.

പുസ്തകങ്ങൾ എഴുതുന്നുണ്ട്, ചർച്ചകൾ നടത്തുന്നുണ്ട്. എന്നാൽ ഇതൊന്നും പോരാ എന്നാണ് അരുന്ധതി റോയിയുടെ പ്രസംഗം നമ്മെ ഓർമ്മിപ്പിക്കുന്നത്. മഹാകവി പറഞ്ഞതുപോലെ ഒരു കൈ കൊണ്ടു പ്രഹരിക്കവേ, മറുകൈകൊണ്ട് തലോടും ഈശ്വരൻ എന്ന് നിയതിയെക്കുറിച്ച് കുമാരനാശാൻ പറഞ്ഞിട്ടുണ്ട്. അരുന്ധതി റോയിയുടെ ആഭാസഘോഷണം കേട്ടപ്പോൾ ഉർവ്വശി ശാപം ഉപകാരം എന്നു പറയുന്നതുപോലെ ഓരോ ഫോളോ അപ്പ് ഉണ്ടായി. സ്പീക്കർ ജി.കാർത്തികേയൻ ശക്തമായി അപലപിച്ചു. എനിക്ക് അഭിമാനം തോന്നി. സുഗതച്ചേച്ചി ഗുരുതരമായ രോഗം ബാധിച്ച് ആശുപത്രിയിലായിരുന്നു.

മുഴത്തിന് മുന്നൂറോളമുള്ള ബുദ്ധിജീവികൾ എവിടെപ്പോയിരുന്നു. അവർ വളരെ സെലക്ടീവായിട്ട് പ്രതികരിക്കാറുണ്ട്. പ്രതികരിച്ചാൽ ആർക്കെങ്കിലും വേദന തോന്നുമോ. അവർക്ക് ഇനി ഒരുപാടു പുരസ്കാരങ്ങളൊക്കെ കിട്ടാനുണ്ട്. അവർക്ക് പുലിസ്റ്റർ പ്രൈസും നോബേൽ സമ്മാനവും ലഭിക്കാനുണ്ട്. അതിനൊന്നും തടസം വരാതെ വളരെ സൂക്ഷിച്ചുമാത്രമെ അവർ പ്രതികരിക്കാറുള്ളു. ഡൽഹിയിലുമുണ്ട് സൂപ്പർ ബുദ്ധിജീവികൾ. ടിയാൻമെന്റ് സ്ക്വയറിൽ മൂവായിരത്തോളം വിദ്യാർത്ഥികളെ അരച്ചു കൊണ്ടു 'മധുരമനോഞ്ജമായ' ചൈനയെക്കുറിച്ച് പാടിയവർ മിണ്ടിയില്ല. അവിടെ നടന്ന കൂട്ടക്കൊലയുടെ ജൂബിലിസ്മരണ നടന്നു. എന്നിട്ടും മിണ്ടിയില്ല. ചെറുപ്പക്കാരനായ ഒരു രാഷ്ട്രീയ നേതാവിന് അമ്പത്തിയൊന്ന് വയസ്സേയുള്ളു. അയാളെ കൃത്യമായിട്ട് അമ്പത്തിയൊന്ന് വെട്ടു നൽകി കൊന്നു. ആരും പ്രതികരിച്ചില്ല. ഇതാണ് നമ്മുടെ ബുദ്ധിജീവികളുടെ കാര്യം. മറ്റെവിടെയെങ്കിലും മനുഷ്യാവകാശലംഘനമുണ്ടായാൽ ഇവിടെ കൂട്ടയോട്ടമായി. ബലൂൺ പറത്തലായി. മെഴുകുതിരി കത്തിക്കലായി. പിന്നെ തെരുവു നാടകം നടത്തുകയായി.

ഗാന്ധിജിയെ പരസ്യമായി സർവ്വകലാശാലയുടെ കേന്ദ്രത്തിൽവെച്ച് സ്വയം പ്രഖ്യാപിത സാഹിത്യകാരി അധിക്ഷേപിച്ചു. ആരും പ്രതികരിച്ചില്ല. നമുക്കത് വളരെയധികം മനഃക്ഷോഭം ഉണ്ടാക്കിയ, പ്രതിഷേധമുയർത്തിയ ഒരു സംഭവമായിരുന്നുവെങ്കിലും ഒരുതരത്തിൽ അത് നന്നായി എന്നു തോന്നുന്നു. ആത്മപരിശോധനയ്ക്ക് സമയമായി.

1947 ആഗസ്റ്റിൽ ഗാന്ധിജി എവിടെയായിരുന്നു. ഗാന്ധിജി കൽക്കത്തായിലെ തെരുവുകളിൽക്കൂടി നടക്കുകയായിരുന്നു. മുസ്ലിങ്ങൾ ഹിന്ദുക്കളെ കൊല്ലുന്നു; ഹിന്ദുക്കൾ മുസ്ലീങ്ങളെ കൊല്ലുന്നു. അതിൽ ഗാന്ധിജി ദുഃഖിതനായിരുന്നു. ആ വ്യക്തിയെക്കുറിച്ചാണ് അദ്ദേഹം വർഗ്ഗീയവാദിയായിരുന്നുവെന്ന് അരുന്ധതി റോയി പറയുന്നത്. ഔദ്യോഗികമായ ഒരു പ്രതിഷേധ ക്കുറിപ്പ് ഇതുവരെയും യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

പ്രൊഫ.കാഞ്ച ഇളയുടെ ഒരു സ്ഥിരം പ്രയോഗമുണ്ട്. സവർണ്ണഹിന്ദുത്വഫാസിസം. അയ്യായിരം വർഷത്തെ പഴ

ക്കമുള്ള, ലോകത്തിലെ ഏറ്റവും പുരാതനമായ ഭാരതീയ സംസ്കൃതിയെ ശകാരിക്കുകയാണ് കാഞ്ച ഇളയുടെ ജോലി. അദ്ദേഹത്തിനുമുണ്ട് ആരാധകവൃന്ദം. ഇവരെയൊക്കെ കരുതിക്കൂട്ടി കൊണ്ടുവന്നതല്ലേ എന്ന് സാധാരണക്കാർ സംശയിച്ചുപോയാൽ, അവരിൽ രോഷമുണർന്നാൽ കുറ്റപ്പെടുത്താനാകുമോ? ഇത് വളരെ ഗൗരവമായി കാണണമെന്ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പ് മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കാശ്മീരിലെ വിഘടനവാദികളെ അനുകൂലിക്കുന്നവരെ വിളിച്ചുകൊണ്ടുവന്ന് പ്രസംഗിക്കുകയില്ലായെന്ന് എന്താണ് ഉറപ്പുള്ളത്. പാവപ്പെട്ട പോലീസുകാരന്റെ തല വെട്ടി അന്തിച്ചന്തയിൽ കെട്ടിത്തൂക്കുക. മാവോയിസ്റ്റ് വിപ്ലവം വരുന്നു എന്നു പറയുന്ന ഒരു നേതാവിനെ ഇവിടെ കൊണ്ടുവന്ന് പ്രസംഗിക്കുകയില്ലായെന്ന് എന്താണ് ഉറപ്പുള്ളത്. ഒരു സ്വകാര്യസ്ഥാപനത്തിലാണ് അരുന്ധതി റോയിയെ വിളിച്ചതെങ്കിൽ മനസ്സിലാക്കാം. പൊതു ഖജനാവിൽനിന്നും പണം നൽകി പോറ്റുന്ന ഒരു സർവ്വകലാശാലയാണ് ഇത് ചെയ്തതെന്നോർക്കുക. ഒരു സാധാരണ രാഷ്ട്രീയ നേതാവിനെയാണോ ഇവർ കുറ്റപ്പെടുത്തിയത്.

ഭാരതത്തിലെ എല്ലാവരുടെയും അഭിമാനമായ രാഷ്ട്രപിതാവിനെയാണ് അധിക്ഷേപിച്ചത്. അമേരിക്കയിൽ ഏബ്രഹാം ലിങ്കനെയോ തോമസ് ജെഫേഴ്സിനെക്കുറിച്ചോ അധിക്ഷേപിച്ച് പ്രസംഗിക്കുമോ. തീർച്ചയായിട്ടും ഇല്ല. ലോകത്തിലെ ഏറ്റവും ക്രൂരനായ മനുഷ്യൻ എന്ന് ചരിത്രകാരൻമാർ വിധി എഴുതപ്പെട്ടിട്ടും സ്റ്റാലിനെയോ ലെനിനെക്കുറിച്ചോ ആരെങ്കിലും ആക്ഷേപിച്ച് സംസാരിക്കുമോ. ഇറ്റലിയിൽ മുസ്സോളിനിക്ക് ഇന്നും ആരാധകരുണ്ട്. നമുക്കുമാത്രം ഇതൊന്നുമില്ല. ഗുരുഹത്യ ചെയ്തിട്ട് ചിരിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. ഈ സമീപനം മാറണം. എത്ര സെമിനാർ നടത്തിയാലും, എത്ര പുസ്തകമെഴുതിയാലും ആ പുസ്തകത്തിന് എത്ര ഡോക്ടറേറ്റ് കൊടുത്താലും ഇതൊന്നും പ്രായശ്ചിത്തമല്ല.

ഗാന്ധിജി ഷുഡ് ബി ലിവിംഗ് പ്രസൻസ് ഇൻ അവർ ലൈഫ്. അതു വരാത്തിടത്തോളം കാലം നമ്മുടെ നിത്യജീവിതത്തിൽ ജ്യോതിസായി മാറാത്തിടത്തോളം കാലം ഇത്തരം ചർച്ചകൾക്കൊണ്ട് ഒരു പ്രസക്തിയുമില്ല. അതിന്റെ ഏറ്റവും ഭീകരമായ ഒന്നാണ് അരുന്ധതി റോയിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഒരർത്ഥത്തിൽ അത് നന്നായി എന്ന് തോന്നുന്നു. ഈ സരണിയിലേക്ക് നയിക്കുന്ന ഒരു ചർച്ച നടത്തുവാൻ ഇവിടെ കഴിയട്ടെ എന്ന് ആശിക്കുന്നു.

# ഗാന്ധിത്തൊപ്പി വച്ചതിന്റെ പേരിലും ആരും ഗാന്ധിയനാകുന്നില്ല. മനസ്സിൽ ഗാന്ധി വേണം

**പ്രൊഫ. എൻ. രാധാകൃഷ്ണൻ**
(ഡയറക്ടർ, ഗാന്ധിഭവൻ)



**അ**നവസരത്തിലാണ് അരുന്ധതി റോയി ഗാന്ധിവിമർശനം നടത്തിയത്. സി.പി.നായർ സാർ പറഞ്ഞത് എല്ലാം സത്യമാണ്. എന്നാൽ ഈ സത്യത്തിനപ്പുറത്ത് മറ്റൊരു സത്യമുണ്ട്. അത് രണ്ടു കാര്യമായിട്ട് ഞാൻ കാണുന്നു. ഒന്ന്, പ്രതികരണശേഷി നശിച്ചുകൊണ്ടിരിക്കുന്ന മലയാളിയുടെ ജീർണ്ണിച്ച മുഖം. രണ്ട്, എന്തു തോന്ന്യാസം എവിടെ പറഞ്ഞാലും അതിൽ നിന്നും വേണ്ടുവോളം മൈലേജ് കിട്ടുമെന്നുള്ള ഒരു ധാർഷ്ട്യം. ഇതു രണ്ടും മലയാളിയുടെ മുഖമുദ്രയായി കഴിഞ്ഞ കുറേ വർഷങ്ങളായി ഞാൻ കണ്ടുകൊണ്ടിരിക്കുകയാണ്.

എഴുപത്തിയെട്ടുവർഷങ്ങൾക്കുമുമ്പ് ഡോ. അംബേദ്കറുടെ ഒരു ഗ്രന്ഥം പ്രസിദ്ധീകൃതമായി. അതിന്റെ ഒരു പതിപ്പ് കഴിഞ്ഞവർഷം പുനഃപ്രസിദ്ധീകരിച്ചു. ജാതിയെപ്പറ്റിയുള്ള ഒരു ഗ്രന്ഥമായിരുന്നു. അനിഹിലേഷൻ ഓഫ് കാസ്റ്റ് എന്നായിരുന്നു ആ ഗ്രന്ഥത്തിന്റ പേര്. ആ ഗ്രന്ഥത്തിന് ഒരു മുഖവുര എഴുതി ശ്രീമതി അരുന്ധതി റോയി. 186 പേജുള്ള അവതാരിക. ആ അവതാരികയ്ക്ക് ഒരു പേരും നൽകി. ദി ഡോക്ടർ ആന്റ് ദ സെയിന്റ്. ഈ അവതാരിക അവർ എന്തിന് എഴുതിയെന്ന് അവർക്കറിയാം. അർദ്ധസത്യങ്ങളുടെ മാത്രമല്ല, അസത്യങ്ങളുടെ പരമ്പരയാണത്.

ഗാന്ധിജിയും ഡോ. അംബേദ്കറും തമ്മിൽ പല കാര്യങ്ങളിലും അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. പക്ഷെ, അവർ തമ്മിലുണ്ടായിരുന്ന സ്നേഹബന്ധത്തെപ്പറ്റിയോ വാത്സല്യത്തെപ്പറ്റിയോ പരസ്പര ബഹുമാനത്തെപ്പറ്റിയോ ഒരു ചരിത്രകാരന്മാരും അടുത്ത കാലത്ത് എഴുതിക്കാണുന്നില്ല. ചില കാര്യങ്ങളിലുണ്ടായിരുന്ന മൗലികമായ അഭിപ്രായവ്യത്യാസങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. ചരിത്രം ഒരു പുനർവായന നടത്തുമ്പോൾ, 90 വർഷം കഴിഞ്ഞ് ചരിത്രം പുനർവായന നടത്തുമ്പോൾ എന്താണ് നാം പ്രതീക്ഷിക്കുന്നത്. ഇന്നത്തെ കാലഘട്ടത്തിൽ അന്നത്തെ അഭിപ്രായവ്യത്യാസവും നിലപാടുകളും ഏതു തരത്തിൽ അതിനു പ്രസക്തിയുണ്ട്, വികസനപരമായ കാര്യങ്ങളും നമ്മുടെ നിലനില്പിന്റെ കാര്യങ്ങളുമായി എങ്ങനെ പൊരുത്തപ്പെട്ടുപോകാം എന്നുള്ളതാണ് സാധാരണഗതിയിൽ ചരിത്രകാരന്മാർ ചെയ്യാറുള്ളത്. വിമർശകന്മാരും ചെയ്യാറുള്ളത്. അല്ലാതെ ചരിത്രത്തെ വളച്ചൊടിച്ച് ധാർഷ്ട്യം അജ്ഞത പുറപ്പെടുവിക്കലല്ല വിമർശനം എന്നു പറയുന്നത്.

പതിനാറു വർഷം മുമ്പ് പ്രഗത്ഭനും നിയമജ്ഞനുമായ അരുൺ ഷൂറി ഒരു പുസ്തകം എഴുതി. വർഷിപ്പിംഗ് ഫാൾസ് ഗോഡ്. 686 പേജുള്ള കൃതിയാണ്. പ്രസിദ്ധീകരിച്ച ദിവസം തന്നെ അതിന്റെ കുറെ പ്രതികൾ ഡൽഹിയിൽ തീയ്ക്ക് ഇരയാക്കി. അംബേദ്കറെപ്പറ്റിയുള്ള വിമർശനമാണ് അതിനിടയാക്കിയത്. പിന്നീട് ആ ഗ്രന്ഥം ഈ രാജ്യത്ത് വില്ക്കാൻ അനുവദിക്കപ്പെട്ടിട്ടില്ല. നാം പറയാറുണ്ടല്ലോ ആർക്കും ആരേയും വിമർശിക്കാൻ അവകാശമുണ്ടെന്ന്. പ്രസ് ക്ലബിന്റെ ഇതേ ഹാളിൽ വച്ച് ഈ അടുത്തകാലത്ത് ഇവിടെവെച്ച് ഒരു മാന്യൻ ചോദിച്ചു ഗാന്ധിജിക്കെന്താ കൊമ്പുണ്ടോയെന്ന്. ഖാദി ധരിച്ചു നടക്കുന്ന കുറച്ചുപേർ അദ്ദേഹത്തിന് അമരത്വം നൽകുന്നു. അദ്ദേഹം ദൈവമാണോ, അദ്ദേഹത്തിനില്ലാത്ത വേഷഭൂഷാദികളൊക്കെ നൽകി ഉയരത്തിൽ പ്രതിഷ്ഠിക്കുന്നു. കൊമ്പുണ്ടോ, ഉണ്ടെങ്കിൽ ആ കൊമ്പൊടിക്കുവാൻ ഞങ്ങൾ തയ്യാറാണ്. ഇതേ ഹാളിൽവെച്ചാണ് പറഞ്ഞത്. കഴിഞ്ഞ ദിവസം ഞാൻ കോഴിക്കോട്ടായിരുന്നു. ഞങ്ങൾ സംസാരിച്ച ഹാളിന്റെ തൊട്ടടുത്ത് കേരളത്തിലെ പ്രഗത്ഭരരായ ഇരുപത്തിരണ്ട് പേർ പങ്കെടുക്കുന്ന ഒരു സമ്മേളനം നടക്കുന്നു. ശ്രീമതി അരുന്ധതി റോയി പറഞ്ഞതെല്ലാം സത്യമാണെന്നും ചരിത്രത്തിന് പുനർവായന ഉണ്ടാകണമെന്നും ഇന്ത്യൻ ചരിത്രം വികലമാണെന്നും, ഈ ചരിത്രം ഞങ്ങളുടെ കുട്ടികളെ പഠിപ്പിക്കുവാൻ, ഹൃദിസ്ഥമാക്കുവാൻ, മനസ്സിലാക്കുവാൻ ഞങ്ങൾ സമ്മതിക്കില്ലായെന്നും പറഞ്ഞുകൊണ്ട് അട്ടഹാസം മുഴക്കിയ ഇരുപത്തിരണ്ടുപേർ.

സത്യാഗ്രഹ ഗേറ്റിനോട് ചേർന്ന് അരുന്ധതി റോയിക്ക് അഭിമാനം അർപ്പിച്ചുകൊണ്ടുള്ള ഒരു വലിയ ഫ്ളക്സ് ബോർഡ് കെട്ടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽവേണം ഗാന്ധിവിമർശനങ്ങൾ തെറ്റാണോ, ഗാന്ധിജി വിമർശനത്തിന് അതീതനായിരുന്നുവോ, ഗാന്ധിവിമർശനത്തിന്റെ സാംഗത്യം എന്താണെന്നും നാം മനസ്സിലാക്കേണ്ടത്. 1893ൽ ഗാന്ധിവിമർശനം തുടങ്ങി. ആ വർഷമായിരുന്നു അദ്ദേഹം പൊതുപ്രവർത്തനം ആരംഭിച്ചത്.

ഗാന്ധിജിയുടെ പൊതുപ്രവർത്തനം നമ്മൾ വിശ്വസിക്കുന്നതുപോലെ, രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടിയായിരുന്നില്ല. ഗാന്ധിജി സൗത്ത് ആഫ്രിക്കയിൽ പോയത് എന്തിനാണെന്ന് നിങ്ങൾക്കറിയാം. പോയകാര്യങ്ങൾ ഭംഗിയായി പൂർത്തിയാക്കി നാട്ടിലേക്ക് തിരിച്ചുവരുവാൻ തീരുമാനിച്ച് അദ്ദേഹത്തിന് യാത്രയയപ്പ് നൽകിയവേളയിൽ ഒരു ചരിത്രസംഭവമുണ്ടായി. ഗാന്ധിജിയെ മനുഷ്യാവകാശപ്രവർത്തകനായി ആരും കാണുന്നില്ല. മനുഷ്യാവകാശപ്രവർത്തകനായിട്ടാണ് ഗാന്ധിജി അദ്ദേഹത്തിന്റെ പൊതുജീവിതം ആരംഭിച്ചത്. അതും സ്ത്രീവിമോചനത്തിനുവേണ്ടി. സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടി. സ്ത്രീകളെ അടിമകളാക്കി വയ്ക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള പുരുഷമേധാവിത്വം. ഇതിനെതിരായിട്ടായിരുന്നു ഗാന്ധിജി അദ്ദേഹത്തിന്റെ സമരം ആരംഭിച്ചതും പ്രവർത്തനം തുടങ്ങിവച്ചതും അടുത്ത ഇരുപത്തിയൊന്നു വർഷം അവിടെ പ്രവർത്തിച്ചതും. അവിടെ തുടങ്ങുന്നു മറ്റൊരു ചരിത്രം. ഇങ്ങനെയുള്ള ഒരു ഗാന്ധിജിയെയാണ് ചരിത്രം വായിച്ചിട്ടില്ലാത്ത, ബുദ്ധിമതിയാണ് അരുന്ധതി റോയി. അവർ ആഗ്രഹിച്ചതു നേടി. പല പത്രങ്ങളും അവരുടെ കളർഫോട്ടോയും വാർത്തയും നൽകിയിട്ടുണ്ട്. ഇതായിരുന്നു അവർ ആഗ്രഹിച്ചത്.

ഗാന്ധിയൻമാർ പ്രതികരിച്ചില്ല എന്നു പറഞ്ഞു പലർക്കും രോഷമായിരുന്നു. ഖാദി ഇട്ടു നടക്കുകയും ഗാന്ധിയൻ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല ഗാന്ധിയന്മാർ. ആരിൽ നന്മയുണ്ടോ അവരാണ് ഗാന്ധിയന്മാർ. ഗാന്ധിയെപ്പറ്റി കുറേ ഗവേഷണം നടത്തിയതുകൊണ്ട് ആരും ഗാന്ധിയന്മാരാകുന്നില്ല. അങ്ങനെയെങ്കിൽ കേരളത്തിലെ ഗാന്ധിയൻ പേരിലുള്ള യൂണിവേഴ്സിറ്റിയിൽ ഗാന്ധിസം പഠിപ്പിക്കുന്ന അദ്ധ്യാപകൻ മദ്യപിച്ചുകൊണ്ടും സിഗരറ്റു വലിച്ചുകൊണ്ടും പഠിപ്പിക്കില്ലായിരുന്നു. ആ അദ്ധ്യാപകരെ ആരും പുറത്താക്കിയിട്ടില്ല.

ഗാന്ധിത്തൊപ്പി വച്ചതിന്റെ പേരിലും ആരും ഗാന്ധിയനാകുന്നില്ല. മനസ്സിൽ ഗാന്ധി വേണം. ആരിൽ ഗാന്ധിയുണ്ടോ അവർ ഗാന്ധിയൻ സ്ഥാപനത്തിൽ പ്രവർത്തിക്കണമെന്നില്ല. അവർ ഖാദിയിടണമെന്നില്ല. അവർക്കു നന്മ വേണം. സഹകരണം വേണം. ദയ വേണം. സാഹോദര്യം വേണം. പരസ്പര സ്നേഹം വേണം. ഇതെല്ലാമുള്ള ആരും ഗാന്ധിയനാണ്. ജി. കുമാരപിള്ളസാർ ചോദിച്ച ചോദ്യമാണിത്. നൂലു നൂൽക്കുന്നവന്റെ മനസ്സിൽ സ്പർദ്ദ ഉണ്ടെങ്കിൽ അയാൾ എങ്ങനെ ഗാന്ധിയനാകും. ആര് സത്യത്തിന്റെ വഴി നടക്കുമോ, ആരിൽ ധർമ്മമുണ്ടോ, ആരിൽ ദയയുണ്ടോ, ആരിൽ കാരുണ്യമുണ്ടോ അവരാണ് ഗാന്ധിയൻ. ഗാന്ധിയൻമാർ പ്രതികരിച്ചില്ലായെന്നു പറഞ്ഞാൽ അരുന്ധതി റോയിയുടെ നിലവാരത്തിലേക്ക് പോകേണ്ടതില്ല എന്നതായിരുന്നു.

ഗാന്ധിജി പഠിപ്പിച്ച ചില പാഠങ്ങളുണ്ട്. ഏറ്റവും കൂടുതൽ വിമർശനത്തിനു വിധേയനായ ആളാണ് ഗാന്ധി. ഗാന്ധിജി ഏറ്റവും കൂടുതൽ വിമർശിച്ചത് അദ്ദേഹത്തെ ഏറ്റവും കൂടുതൽ ആരാധിക്കുകയും അദ്ദേഹത്തെ മഹാത്മാ എന്നു വിളിക്കുകയും ചെയ്ത ടാഗൂറായിരുന്നുവെന്നോർക്കണം. ടാഗൂർ പറഞ്ഞു, അറ്റ് ദിസ് റേറ്റ്, ദ കൈൻഡ് ഓഫ് പൊളിറ്റിക്സ്, ദ കൈൻഡ് ഓഫ് ആക്റ്റിവിറ്റീസ്, ദാറ്റ് യൂ ആർ ലോൻജിംഗ് ദ നെക്സ്റ്റ് വീക്ക് വിൽ ലീഡ് ഇന്ത്യ ടു കെയോസ്. ഇതിനേക്കാളും വലിയ വിമർശനമൊന്നുമല്ല ചരിത്രം പഠിക്കാത്ത പബ്ലിസിറ്റിയുടെ പുറകെ നടക്കുന്ന നമ്മുടെ ഈ എഴുത്തുകാരി നടത്തിയത്.

ക്രിയാത്മകമായിട്ട് ഞങ്ങൾ പ്രതികരിച്ചിട്ടുണ്ട്. ഇവിടെ വേണ്ടത് എന്താണെന്നു പറഞ്ഞാൽ, ഓരോരുത്തർക്കും ഓരോ സംസ്കാരമുണ്ട്. അവർക്ക് സംസ്കാരം ഇല്ലെന്നു കരുതി. നിങ്ങളുടെയും എന്റെയും നമ്മൾ കൊടുക്കുന്ന ടാക്സ് കൊണ്ടു ഉപജീവനം നടത്തുന്ന യൂണിവേഴ്സിറ്റിയുടെ വേദിയിൽ അവർ ആരാണെന്ന് അറിഞ്ഞുകൊണ്ടു തന്നെ അവരെ ക്ഷണിക്കുകയും വായിൽതോന്നിയതെല്ലാം പറയാൻ അവസരം നൽകുകയും, ഇതുവരെയും അതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്യാതെ ആ സ്ഥാനത്തിരിക്കുന്ന പുംഗവന്മാരെ എന്തുവിളിക്കണം, അവരെ എങ്ങനെ കരുതണം എന്നുള്ളത് തീരുമാനിക്കേണ്ടതാണ്. ഇതുവരേയും അവർക്ക് ഒരു ഖേദവുമില്ല. പല വിഘടനവാദത്തിന്റെ മുന്നിലും ഈ മഹിളാ രത്നമുണ്ട്. കൂടെക്കൂടെ അരുന്ധതി റോയി എന്തെങ്കിലും പറഞ്ഞുകൊണ്ടേയിരിക്കും. കുറച്ചുനാളത്തേക്കുള്ള ഇന്ധനമായി. ഈ ഇന്ധനം കുറയുമ്പോൾ മറ്റൊരു വിവാദവുമായി അവർ വരും. **ഷിറോ** ശർമിളയുടെ കാര്യം എടുത്തിടും.

നാം ഗാന്ധിജിയെ പുകഴ്ത്തുമ്പോഴും, ഗാന്ധിജിയെ മറ്റുള്ളവർ ഇകഴ്ത്തി സംസാരിക്കുമ്പോഴും വേദനയും ഒക്കെ

യുണ്ടാകുന്നത് മനസ്സിലാക്കാം. ഗാന്ധിജിയെ എത്രപേർ വായിക്കുന്നു, മനസ്സിലാക്കുന്നു. ഈ മഹിളാരത്നം പറഞ്ഞതിനേക്കാളും വികലമായ, വേദനാജനകമായ കാര്യങ്ങളാണ് ഫേസ് ബുക്കിൽ കാണുന്നത്. നാലാമത്തെ വയസ്സുമുതൽ ഫേസ്ബുക്ക് നോക്കുന്ന എൺപത്തിരണ്ട് ശതമാനം കുട്ടികൾ കേരളത്തിലുണ്ടെന്നാണ് കണക്ക്. സോഷ്യൽ മീഡിയയിൽ വരുന്നത് ചർച്ച ചെയ്യാൻ കൊള്ളില്ല.

മുതിർന്നവർക്ക്, അദ്ധ്യാപകർക്ക് ഒരു പ്രത്യേക വഴിയുണ്ട്. നമ്മുടെ കൊച്ചുകുട്ടികളുടെ ജീവിതം എന്തായി തീരണം എന്ന് നാം ആലോചിക്കണം. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു വിഘടനവാദത്തിന്റെയും ലൈംഗീകതയുടെയും അരാചകത്വത്തിലേക്ക് നമ്മുടെ കുട്ടികളെ തള്ളിവിടണമോ, അതോ ഗാന്ധിജി നമുക്ക് നൽകിയ സ്നേഹത്തിന്റെ, ലാളനയുടെ വഴിയിലേക്ക് നമ്മുടെ കുട്ടികൾ പോകണമോ എന്നു ചിന്തിക്കണം.

കേരളത്തിനൊരു പ്രത്യേകതയുണ്ട്. ഇന്ത്യയിൽ ഏറ്റവും കുറവ് ഗാന്ധിജിയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ പഠിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. കഴിഞ്ഞ ഇരുപതു വർഷങ്ങളായി എപ്പോഴൊക്കെ ഇവിടെ വിദ്യാഭ്യാസ നവീകരണത്തിന്റെ പേരിൽ പുതിയ പാഠപുസ്തകങ്ങളും സിലബസ് റിവിഷന്റെ പേരിൽ എപ്പോഴൊക്കെ നടക്കുന്നുണ്ടോ, അപ്പോഴെല്ലാം കത്തിവെച്ചിട്ടുള്ളത് ഗാന്ധിജിയുടെ പേരിലാണ്. ഗാന്ധിജിയെപ്പറ്റിയുള്ള പാഠഭാഗങ്ങൾ കുറച്ചുകുറച്ചുവരികയാണ്. വെസ്റ്റ് ബംഗാളിൽപോലും ആറര ശതമാനം ഗാന്ധിജിയെപ്പറ്റിയുള്ള പാഠഭാഗങ്ങളുണ്ട് താഴ്ന്ന ക്ലാസുകളിൽ. കേരളത്തിൽ അത് രണ്ടര ശതമാനമാണ്. ഏറ്റവും കുറവ് കേരളത്തിലാണ്. ഒടുവിൽ ഇരയായത് മഹാകവി വള്ളത്തോളാണ്. ഞങ്ങളെല്ലാം കേട്ടുവളർന്ന, ഹൃദിസ്ഥമാക്കിയ ഒരു കവിതയുണ്ട്. എന്റെ ഗുരുനാഥൻ എന്ന കവിത. ....ചെല്ലുവിൻ ഭവാൻമാർ എൻ ഗുരുവിൻ നികടത്തിൽ, അല്ലെങ്കിൽ അവിടുത്തെ ചരിത്രം വായിക്കുവിൻ എന്നു പറഞ്ഞ ആ കവിതപോലും ഇപ്പോൾ നമ്മുടെ പാഠഭാഗത്തുനിന്നും എടുത്തുകളഞ്ഞിരിക്കുന്നു നമ്മുടെ ടെക്സ്റ്റ് ബുക്ക് കമ്മറ്റി. ഈ സാഹചര്യമാണ് നമുക്കുള്ളത്. ഈ സാഹചര്യത്തിൽ ചരിത്രം വായിക്കാത്ത, പബ്ലിസിറ്റിയുടെ പിറകെ പോകുന്ന ഒരു വ്യക്തി പറഞ്ഞതിന്റെ പേരിൽ നാം രോഷാകുലരാകണം. പക്ഷെ മുതിർന്നവർക്ക് ഇതിലൊരു പങ്കുണ്ട്. നമ്മുടെ ജനതയ്ക്ക് ഒരു പങ്കുണ്ട്. ചിന്തിക്കുന്നവർക്ക് ഒരു പങ്കുണ്ട്. ഇത്തരം കാര്യങ്ങൾ നിസംഗത്വത്തോടുകൂടി നോക്കിയിരിക്കും. എന്താണ് ഗാന്ധിയെന്ന് നാം ചോദിക്കുന്നുവെങ്കിൽ നമുക്ക് ഉത്തരം കിട്ടും. ജീവിതത്തിന്റെ മാർഗ്ഗദർശി. ആ മാർഗ്ഗദർശിയെ എത്രത്തോളം ആരാധിക്കാം, ഇകഴ്ത്താം. എല്ലാ സുഹൃത്തുക്കൾക്കും നന്ദി.

# വിമർശിക്കുക, നിന്ദിക്കരുത്. നമ്മുടെ കുഞ്ഞുങ്ങൾക്ക് പറഞ്ഞുകൊടുക്കുക ഇങ്ങനെയൊരാളുണ്ടായിരുന്നുവെന്ന്

സുഗതകുമാരി



ദീർഘമായി ഒരു സംസാരത്തിന് ഞാൻ തുനിയുന്നില്ല. ആരോഗ്യം അതിന് അനുവദിക്കുന്നില്ല. ഗാന്ധിജിയെപ്പറ്റി അല്പം പറയണം എന്നു എന്റെ സുഹൃത്തുക്കൾ പറഞ്ഞു.

ഗാന്ധിജിയെപ്പറ്റി വിമർശനങ്ങൾ ഉയരുന്നത് ഇന്നും ഇന്നലെയുമല്ല. ആദ്യകാലഘട്ടങ്ങളിൽ അന്നത്തെ കമ്യൂണിസ്റ്റു പാർട്ടിയുടെ വിമർശനങ്ങൾ എനിക്കോർമ്മയുണ്ട്. ഏറ്റവും നിന്ദ്യമായ ഭാഷയിൽ, ഗാന്ധിജിയെപ്പറ്റി സംസാരിക്കുന്നത് കേട്ടിട്ടുണ്ട്. കുട്ടിക്കാലം തൊട്ട് ധാരാളം കേട്ടിരിക്കുന്നു. അതെല്ലാം കഴിഞ്ഞിരിക്കുന്നു.

ഗാന്ധിജി വിമർശനാതീതനാണോ എന്നൊരു ചോദ്യം വന്നിട്ടുണ്ട്. വിമർശിക്കാം. വിമർശനാതീതനല്ല. വിമർശനാതീതരായിട്ട് ആരുമില്ല. പക്ഷെ, നിന്ദിക്കരുത്. അവഹേളിക്കരുത്. അവമാനിക്കരുത്. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിൽ പറയാം.

ആരാണ് ഗാന്ധിജി എന്നുള്ളത് മനസ്സിലാക്കിയിട്ടുവേണം സംസാരിക്കുവാൻ. അരുന്ധതി റോയിയുടെ പ്രസംഗത്തെപ്പറ്റി മറുപടി എഴുതാത്തതിനെപ്പറ്റി ബഹുമാന്യനായ സ്പീക്കർ പരിഹസിച്ച് രണ്ടു വാചകം എഴുതുകയുണ്ടായി. ശ്രീ. കാർത്തികേയൻ അങ്ങനെ പറയുമെന്ന് ഞാൻ വിചാരിച്ചില്ല. ഒരു മരം വെട്ടിയാലോ, ഒരു പട്ടിയെ കല്ലെറിഞ്ഞാലോ, ഹൃദയം വേദിക്കുന്ന ചില ആർദ്രഹൃദയങ്ങളുണ്ട്. സ്ഥാനത്തും അസ്ഥാനത്തും ഗാന്ധിയെ ഉദ്ധരിക്കുന്നവർ. അവരാരും മിണ്ടിയില്ല. ഞാൻ മറുപടി എഴുതി. ശരിയാണ് എന്നെ പറഞ്ഞതെന്നു ബഹുമാനപ്പെട്ട സ്പീക്കർ. പക്ഷെ, മരം വെട്ടിയാലും പട്ടിയെ കല്ലെറിഞ്ഞാലും ഗാന്ധിജിയുടെയും മനസ്സ് വേദനിക്കുമായിരുന്നു. ആവശ്യമില്ലാതെ ഒരു മരം വെട്ടുന്നതു കണ്ടാലും അദ്ദേഹവും അരുതെന്നു പറയുമായിരുന്നു. ഒരു പട്ടിയെ കല്ലെറിഞ്ഞാൽ പാടില്ലായെന്നു പറയും. അത് പരിഹസിക്കാനുള്ളതല്ല. അത് നിസ്സാരമല്ല. ഈ ആർദ്ര ഹൃദയത്തിന് മൂന്നാമത്തെ കഠിനമായ ഹൃദ്രോഗബാധയുണ്ടായി ആശുപത്രിയിലായിരുന്നതിനാലാണ് പ്രതികരിക്കാഞ്ഞത്. ക്ഷമിക്കണം. ഇത്തിരിയൊന്ന് എഴുതാനുള്ള കൈവഴക്കം വന്നാൽ എഴുതിക്കൊള്ളാം എന്നു അദ്ദേഹത്തിനെഴുതി. എനിക്കു പറയാനുള്ളത് ചുരുക്കി ഞാനെഴുതി.

വിമർശനം ആകാം. നിന്ദ ആവരുത് എന്നാണ് അതിൽ ഞാൻ പറഞ്ഞിരിക്കുന്നത്. അരുന്ധതി റോയിയെ എനിക്കറിയാം. അധികം പറയുന്നില്ല. ഒരാൾക്ക് വേരുകൾ ഉണ്ടായിരിക്കണം. വേരുകൾ ഇല്ലായെങ്കിൽ ഇങ്ങനെയൊക്കെ സംഭവിക്കും. ഇന്ത്യ എന്ന ഈ പുരാതനമായ രാഷ്ട്രത്തിൽ വേരുകൾ ഉറച്ചുനിൽക്കണം. എന്റെ നാട്, എന്റെ സംസ്കാരം, എന്റെ മതം-ഏതു മതമായിക്കൊള്ളട്ടെ, എന്റെ വിശ്വാസങ്ങൾ, ആദർശങ്ങൾ, എന്റെ രാജ്യത്തിന്റെ ആദർശങ്ങൾ, എന്റെ രാജ്യം എന്തായിരുന്നു. ഇപ്പോൾ എന്ത്? എന്നുള്ള കാര്യങ്ങളൊക്കെ മനസ്സിലാക്കി ഇവിടുത്തെ ഭാഷ, എല്ലാവരും ബഹുമാനിക്കുന്ന ഗുരുജനങ്ങൾ, ആചാര്യന്മാർ, ഇവിടുത്തെ മഹാഗ്രന്ഥങ്ങൾ ഇവയൊക്കെ പരിചയം വേണം. സംസ്കാരവുമായി പുക്കിൾകൊടി ബന്ധമുണ്ടായിരിക്കണം. വേരുകളില്ലായെങ്കിൽ ആർക്കും എന്തും പറയാം. വേരുകൾ ഇല്ലായ്മയാണ് ഞാൻ അരുന്ധതിയിൽ കാണുന്നത്.

ഗാന്ധിജി ദളിതരുടെ, ഹരിജനങ്ങളുടെ-ഈ വാക്കുകൾ ഇപ്പോൾ അവമാനിക്കുന്ന തരത്തിലാണെന്നാണ് അവർ കരുതുന്നത്. നിരന്തരസമരം കൊണ്ട് ആ വാക്കുപോലും എടുത്തു കളഞ്ഞിരിക്കുന്നു. ഇതിനപ്പുറം നല്ല വാക്കുണ്ടോ. ഹരിജനങ്ങൾ എന്നുവെച്ചാൽ ആരാണ്. ഹരിയുടെ മക്കൾ. ഹരി ഈശ്വരനാണ്. പതിത പാവനനെന്നാണ് ഈശ്വരനെ വിളിക്കുന്നത്. പതിതരെയൊക്കെ പരിശുദ്ധനാക്കിയെടുക്കുന്നവർ. ഈശ്വരന്റെ മക്കളാണ്. ദൈവത്തിന്റെ മക്കളാണ്. പതിതരായി ജനിച്ച് നൂറ്റാണ്ടുകളായി ചവിട്ടിത്തേച്ച് മാറ്റിനിർത്തിയിരിക്കുന്ന ഇവരെ ഹൃദയത്തോട് ചേർത്തണച്ച ആളാണ് ഗാന്ധിജി. അതു മറന്നുപോകരുത്. അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ പറയാം. പക്ഷെ, മറക്കരുത്.

അദ്ദേഹത്തിന് ഒരു ചണ്ഡാളൻ പൂമാലയിട്ടപ്പോൾ ചണ്ഡാളന്റെ മാല നിരസിച്ചുവെന്ന് മലയാളത്തിൽ ഈയിടെ എഴുതിക്കണ്ടു. അതു വായിച്ച് ഞാൻ അമ്പരന്നുപോയി. വീടുകളിൽ നിന്നും മനുഷ്യമലം കോരിയെടുത്ത് എവിടെയെങ്കിലും കൊണ്ടുപോയി സംസ്കരിക്കുന്ന ഒരു വിഭാഗമായിരുന്നു തോട്ടികൾ. ഇപ്പോഴും അങ്ങനെ ചെയ്യുന്ന സംസ്ഥാനങ്ങൾ ഇന്ത്യയിലുണ്ട്. ഇങ്ങനെയുള്ളവരുടെ ഇടയിൽ പോയി താമസിക്കുകയും അവരുടെ കുട്ടികളെ ആശ്രമത്തിൽ കൊണ്ടുവന്ന് പഠിപ്പിക്കുകയും അവരെ കുളിപ്പിച്ച്, വസ്ത്രം ധരിപ്പിച്ച്, ആഹാരം കൊടുത്ത് അവരെ അക്ഷരം പഠിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്ത ആളാണ് ഗാന്ധിജി. അവരെ മാറോട് ചേർത്തണച്ചു. തോട്ടികളുടെ കുഞ്ഞുങ്ങളെ മാറോടു ചേർത്തണച്ച ഒരാൾ കേരളത്തിൽ വന്നപ്പോൾ, ചാണ്ഡാളന്റെ മാല തിരസ്കരിച്ചുവെന്നൊക്കെ പച്ചക്കള്ളം എഴുതിവയ്ക്കുവാൻ ഇന്ന് പത്രങ്ങളുണ്ട്.

മഹാപാപങ്ങളുടെ കാലഘട്ടം വന്നിരിക്കുന്നു. ചെറിയ കുഞ്ഞുങ്ങളെ അവമാനിക്കുന്ന കാലം. മാനാവമാനങ്ങൾ എന്തെന്ന് അറിയാൻ പാടില്ലാത്ത കുഞ്ഞുങ്ങളെ അവമാനിക്കുന്ന കാലം. മദ്യത്തിന്റെ അതിപ്രസരം ഉള്ളകാലം. പത്തും പതിമൂന്നും വയസ്സായ കുഞ്ഞുങ്ങൾ മദ്യപിക്കുന്ന കാലം. ഈ കാലഘട്ടത്തിൽ ഗാന്ധിജിയുടെ വാക്കുകൾക്ക് പ്രസക്തിയുണ്ടോ ഇല്ലയോ എന്ന് എല്ലാവരും ആലോചിക്കണം. ഞാൻ ചോദിച്ച രണ്ടുമൂന്നു ചോദ്യങ്ങളുണ്ട്.

അരുന്ധതി പറഞ്ഞിരിക്കുന്നു കുട്ടിക്കാലം മുതൽ നമ്മളെ പഠിപ്പിച്ചതെല്ലാം നുണയാണ്. ഗാന്ധിജിയെ പ്പറ്റി പഠിച്ചതെല്ലാം നുണയാണ്. എന്താണ് നുണ? ഈ രാഷ്ട്രത്തിന് മുക്തി നൽകാൻവേണ്ടി പാടു പെട്ട് നിശബ്ദരായി കിടന്ന ജനകോടികളെ വിളിച്ചുണർത്തി ഒരു കൊടിയുടെ കീഴിൽ അണിനിരത്തി ധർമ്മസമരം ചെയ്തതാണോ നുണ. മുഴുവനും നുണയാണെന്ന് ആ സ്ത്രീ ധൈര്യപ്പെട്ടു. എന്തൊക്കെയാണ് നുണ. ഹരിജനങ്ങൾ പതിതരല്ല, ഈശ്വരന്റെ മക്കളാണെന്നു പറഞ്ഞു. അതാണോ നുണ. മതസഹിഷ്ണുത അല്ല വേണ്ടത്, മതങ്ങളെ പരസ്പരം അറിയുകയും ആദരിക്കുകയും സ്നേഹിക്കുകയുമാണ് വേണ്ടെന്നു പറഞ്ഞു. മറ്റു മതങ്ങളെ സഹിച്ചാൽ മാത്രം പോരാ, സഹിഷ്ണുതയല്ല, ആദരവാണ് വേണ്ടതെന്നു പറഞ്ഞതാണോ നുണ. ഈശ്വരന് ഏറ്റവും പ്രിയപ്പെട്ട പേര് സത്യം എന്നാണെന്നു പറഞ്ഞു. അദ്ദേഹത്തെപ്പറ്റി പറഞ്ഞതൊന്നും നുണയല്ല.

ഹിന്ദു മുസ്ലീം മൈത്രിക്കുവേണ്ടി അഹോരാത്രം പണിപ്പെട്ടു. എത്രവട്ടം ഉപവസിച്ചു. എത്ര കഷ്ടപ്പെട്ടു. കാൽനടയായി ഇന്ത്യ മുഴുവൻ അലഞ്ഞുനടന്ന് അംഹിസയുടെയും സ്നേഹത്തിന്റെയും ശാന്തിയുടെയും സന്ദേശമെത്തിക്കാൻ ശ്രമിച്ചു. അതൊന്നും നമ്മുടെ കാതുകളിൽ എത്തിയില്ലായെന്നത് മറ്റൊരു കാര്യം. വേറൊന്നുകൂടി ഓർമ്മിക്കുക. ഹിന്ദുമുസ്ലിം മൈത്രിക്കുവേണ്ടിയാണ് അദ്ദേഹം ജീവൻ വെടിഞ്ഞത്. ഇത്തവണത്തെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നഥുറാം ഗോഡ്സെയുടെ അവസാനത്തെ സ്റ്റേറ്റ്മെന്റ് മലയാളത്തിലാക്കി കൊടുത്തിട്ടുണ്ട്. അതു വായിച്ചാൽ നമുക്കു മനസ്സിലാകും ഗാന്ധിജി ആരായിരുന്നുവെന്ന്. നിന്ദാസ്തുതിയെന്നോ, വിദ്വേഷംകൊണ്ടുണ്ടായ സ്തുതിയെന്നോ ഒക്കെ അതിനെപ്പറ്റി പറയാം.

ജീവിതം മുഴുവനും രാഷ്ട്രത്തിനുവേണ്ടി, രാജ്യത്തിലെ പാവങ്ങൾക്കുവേണ്ടി, പ്രകൃതിക്കുവേണ്ടി, ഗ്രാമങ്ങൾക്കുവേണ്ടി, ഇവിടുത്തെ കുഞ്ഞുങ്ങൾക്കുവേണ്ടി, ഭാഷയ്ക്കുവേണ്ടി, നമ്മുടെ മാതൃഭാഷയ്ക്കുവേണ്ടി, ഹിന്ദു മുസ്ലിം മൈത്രിക്കുവേണ്ടി, മതങ്ങളുടെ ഏകത്വത്തിനുവേണ്ടി. ഏകം സത് വിപ്ര വദന്തി എന്ന ആ ഒരൊറ്റ വാക്ക്.

സത്യമൊന്നുമാത്രമാണ് ഈശ്വരൻ. പല പേരിട്ടു നാം വിളിക്കുന്നു. എങ്ങനെ വിളിച്ചാലും അവിടുന്നു വിളി കേൾക്കും. ഈശ്വര അള്ളാ തേരാ നാം... എന്നു പറഞ്ഞുകൊണ്ട് ഈ രാജ്യം മുഴുവൻ അലഞ്ഞുനടന്ന്, സർവ്വസ്വവും സമർപ്പിച്ച്, അർദ്ധനഗ്നനായി, സന്യാസിയെപ്പോലെ ജീവിച്ച് ഒടുവിൽ ഈ രാജ്യത്തിന്റെ ഏകീകരണത്തിനുവേണ്ടി ശ്രമിച്ചതിന്റെ ഫലമായി വെടിയേറ്റ് നെഞ്ചുപിളർന്ന് ഈശ്വരനാമത്തോടെ വീണ് കണ്ണടച്ച ആ മഹാപുരുഷൻ അദ്ദേഹം എന്തു നുണയാണ് നമ്മളോടു പറഞ്ഞത്? അദ്ദേഹത്തിൽനിന്നും എന്തു നുണയാണ് നാം പഠിച്ചത്. ഈ പറഞ്ഞത് ഏതെങ്കിലും അസത്യമാണോ. നമ്മൾ പ ഠിച്ച കാര്യങ്ങൾ ഇതൊക്കെയാണല്ലോ. ഇതിലേതാണ് നുണ എനിക്കറിഞ്ഞുകൂടാ.

കാഞ്ച ഇളയ്യ കണ്ടുപിടിച്ചിരിക്കുന്നു, അരുന്ധതി റോയി കണ്ടുപിടിച്ചിരിക്കുന്നു. ദളിതരാണ് ഗാന്ധിജിയെ ഇന്ന് അപ



മാനിക്കുന്നത്. ഞാൻ സങ്കടപ്പെടുന്നു. മുസ്ലിങ്ങൾ പറയാറില്ല. ദളിതരാണ് ഇന്നു ഗാന്ധിജിയുടെ ശത്രുക്കളായി വന്നിരിക്കുന്നത്. ആർക്കു വേണ്ടിയാണ് ജീവിതത്തിലെ ഏറിയ പങ്കും ഹോമിച്ചത് അവർ അദ്ദേഹത്തെ നിന്ദിക്കുന്ന കാലം വന്നിരിക്കുന്നു. അത്ഭുതമൊന്നുമില്ല. കോഴി കൂവുന്നതിനു മുമ്പേ മൂന്നു വട്ടം തള്ളിപ്പറയുന്നവരാണ് നമ്മൾ. അടുത്ത ശിഷ്യന്മാരാണെങ്കിലും തള്ളിപ്പറയാനാണ് എളുപ്പം.

ഒരു രാഷ്ട്രം എന്തെന്നു മനസ്സിലാക്കണം. ഭാരതീയ തത്വചിന്ത എന്തെന്നറിയണം. ഗാന്ധിജിയുടെ വേരുകൾ ആ ഭാരതീയ തത്വചിന്തയിലുള്ളതാണ്. അയ്യായിരമോ പതിനായിരമോ വർഷമുള്ള സംസ്കാരത്തിൽ അടിയുറച്ച് തഴച്ച് കൊഴുത്ത് കനത്ത് ഉറപ്പോടെ വളർന്ന വേരുകളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ശിരസ്സ് ഒരിക്കലും കുനിയാത്തത്. അതുകൊണ്ടാണ് അദ്ദേഹം ആരെയും ഭയപ്പെടാത്തത്. ഒറ്റയ്ക്ക് നടക്ക് എന്ന് ടാഗോർ പാടിയതുപോലെ ഒറ്റയ്ക്കു നടന്നു. ഒറ്റയ്ക്കു വീണു മരിച്ചു. ആ സ്മരണയ്ക്കു മുമ്പിൽ നമസ്കരിക്കാം.

വിമർശിക്കുക, നിന്ദിക്കരുത്. നമ്മുടെ കുഞ്ഞുങ്ങൾക്ക് പറഞ്ഞുകൊടുക്കുക ഇങ്ങനെയൊരാളുണ്ടായിരുന്നുവെന്ന്. നമസ്കാരം.

# ഗാന്ധിയൻ ജീവിതശൈലി ലോകമെമ്പാടും പ്രശംസിക്കപ്പെടുന്നു

**കെ.സി.ജോസഫ്**
(സാംസ്കാരിക വകുപ്പ് മന്ത്രി)



**ഗാ**ന്ധിയൻ ദർശനത്തോടുള്ള വെല്ലുവിളി എന്ന സെമിനാറിൽ മുൻ ചീഫ് സെക്രട്ടറി സി.പി.നായർ ഐ.എ.എസും, ഡോ.രാധാകൃഷ്ണനും സുഗതുകുമാരി ടീച്ചറും പ്രതികരിക്കുകയുണ്ടായി. സമീപകാലത്ത് നമ്മുടെ പ്രവർത്തനശൈലിയിൽ വരുന്ന മാറ്റത്തിന്റെ സൂചനമാത്രമാണ് ഈ വിമർശനങ്ങളുടെയെല്ലാം ആകെത്തുക.

ഗാന്ധിയൻ ദർശങ്ങളെ വെല്ലുവിളിക്കാൻ ഇന്നാർക്കും കഴിയുകയില്ല. കാരണം, നമ്മുടെ മണ്ണിലും മനസ്സിലും ഇഴുകിച്ചേർന്ന, ഇന്ത്യ മാത്രമല്ല, ലോകമെമ്പാടും ഗാന്ധിജിയിലേക്ക് മടങ്ങാൻ ചിന്തിക്കുന്ന ഒരു കാലഘട്ടത്തിൽ ഗാന്ധിജിയെ ഇകഴ്ത്തുന്ന, ഗാന്ധിജിയെ ചെറുതായി കാണിക്കുന്ന വിമർശനങ്ങൾ നമ്മുടെ നാട്ടിലുണ്ടാകുന്നുണ്ട്. ഇത് ദൗർഭാഗ്യകരമാണ്.

ലോകം കണ്ട പല വലിയ തത്വങ്ങളും ആദർശങ്ങളുമെല്ലാം മണ്ണടിഞ്ഞുമറയുന്ന സാഹചര്യം. ഒരു കാലഘട്ടത്തിൽ ലോകം രണ്ടു ചേരിയിലായിരുന്നു. സോഷ്യലിസ്റ്റ് ചേരിയും അമേരിക്ക നയിക്കുന്ന മുതലാളിത്ത ചേരിയും. മൂന്നാമത്തെ ചേരിയായി നിന്ന നെഹ്റുവാണ് ചേരിചേരായ്മ എന്ന ആശയം ലോകത്തിനു കൊടുത്തത്. ലോകത്തിന്റെ നിർണ്ണായകമായ ഭൂവിഭാഗത്തിന്റെ ഭരണനിയന്ത്രണം വഹിച്ചിരുന്ന കമ്യൂണിസ്റ്റ് ആശയങ്ങൾ, ആ ചിന്താഗതി, അങ്ങനെയുള്ള എത്ര രാജ്യങ്ങൾ ഇന്നുണ്ട്. അധികാരദണ്ഡുകൊണ്ട് ലോകം കീഴടക്കിഭരിച്ച തത്വശാസ്ത്രങ്ങളെല്ലാം കാലഹരണപ്പെടുമ്പോഴും അധികാരത്തിന്റെ പിൻബലമില്ലാതെ ഗാന്ധിയൻ മൂല്യങ്ങൾ ലോകത്തിന്റെ ഓരോ മേഖലയിലേക്കും പടർന്നുകയറുന്ന കാഴ്ചയാണ് നാം കാണുന്നത്. ഐക്യരാഷ്ട്രസഭ ഗാന്ധിജിയയെ ആദരിച്ചു. ഗാന്ധിയുടെ ദർശനങ്ങൾ ലോകത്തിലെ പല രാജ്യങ്ങൾക്കും അടിമത്തത്തിൽനിന്നുള്ള മോചനത്തിന് മാർഗ്ഗം ഒരുക്കി. ഗാന്ധിയൻ ജീവിതശൈലി ലോകമെമ്പാടും പ്രശംസിക്കപ്പെട്ടു. ഗാന്ധിജിയെ അറിയാതെ വളരുന്ന ഒരു തലമുറ വളരുന്നു. കുട്ടികൾക്ക് പാഠപുസ്തകങ്ങളിലൂടെ ഗാന്ധിജിയെ പഠിക്കാൻ സാധിക്കണം, അറിയാൻ സാധിക്കണം. ഗാന്ധിയെ വേണ്ടത്ര മനസ്സിലാക്കാതെ വിമർശിക്കുന്നത് ഒരുപക്ഷെ ഇന്നത്തെ ശൈലിയുടെ ഭാഗമാകാം. അച്ചടിമാധ്യമങ്ങളെക്കാൾ ദൃശ്യമാധ്യമങ്ങൾക്ക് സ്വാധീനമുള്ള ഒരു കാലമാണ്. മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കണം എന്നതാണ് പലരുടെയും ശൈലി. പ്രചാരണത്തിനുവേണ്ടി, ബ്രേക്കിംഗ് ന്യൂസിനുവേണ്ടി, വൈകുന്നേരങ്ങളിലെ ചർച്ചയ്ക്കുവേണ്ടി എന്തും പറയാവുന്ന ശൈലിയിലേക്കാണ് നമ്മുടെ പൊതുപ്രവർത്തകന്മാരും സമൂഹവും മാറിക്കൊണ്ടിരിക്കുന്നത്. വിവാദങ്ങളിലൂടെ നായകരാകാൻ ശ്രമിക്കുന്നവരുണ്ട്. അവർക്ക് ബോധ്യപ്പെട്ടാലും ഇല്ലെങ്കിലും വിവാദമാകേണ്ടുന്ന കാര്യങ്ങൾ പറഞ്ഞ് ജനശ്രദ്ധ ആകർഷിക്കാൻ ശ്രമിക്കുന്ന പലരും സമൂഹത്തിലുണ്ട്. ആ ശൈലിയുടെ തുടർച്ചതന്നാണ് ശ്രീമതി അരുന്ധതി റോയിയും. ഗാന്ധിയെപ്പോലെയുള്ള ഹിമാലയത്തെക്കാൾ ഔന്നിത്യമുള്ള വലിയ വ്യക്തിത്വം. നമുക്കാർക്കും ചിന്തിക്കാൻ കഴിയാത്തതത്ര, ലോകം ആരാധിക്കുന്ന വ്യക്തിത്വത്തെ വിമർശിക്കുന്നതുകൊണ്ട് വിലകുറഞ്ഞ പ്രചാരണം ഉണ്ടാക്കാം എന്നതല്ലാതെ ഗാന്ധിജിയെ ചെറുതാക്കി കാണിക്കാനോ, ഗാന്ധിയൻ ദർശനത്തെ വെല്ലുവിളിക്കാനോ ആർക്കും സാധിക്കുകയില്ല. ഗാന്ധിയൻ ദർശനത്തിന്റെ മൂല്യത്തിന് കുറവുണ്ടാവുകയില്ല. ലോകത്തിലെ ഓരോ രാജ്യങ്ങളും ഗാന്ധിജിയെപ്പറ്റി അറിയാനും, പഠിക്കാനും ശ്രമിക്കുമ്പോൾ, നമുക്കു ചെയ്യാനുള്ളത് നമ്മുടെ പുതിയ തലമുറ ഗാന്ധിജിയെ അറിഞ്ഞുവളരണം എന്നുള്ളതാണ്. ഗാന്ധിയൻ ദർശനം മനസ്സിലാക്കണം. പാഠപുസ്തകങ്ങളിൽ ഗാന്ധിജിയെപ്പറ്റിയുള്ള ഭാഗങ്ങൾ കുറവു കണ്ടുവെങ്കിൽ അത് പരിശോധിക്കും. ഗാന്ധിജിയും അദ്ദേഹത്തിന്റെ മൂല്യങ്ങളും അറിഞ്ഞ് ഈ തലമുറ വളരണം.

പത്രം വായിക്കുമ്പോൾ, ദൃശ്യമാധ്യമങ്ങൾ കാണുമ്പോൾ കേരളത്തിലാണോ ഇതൊക്കെ സംഭവിക്കുന്നതെന്നു വിശ്വസിക്കാൻ പ്രയാസമുള്ള ധാരാളം വാർത്തകൾ വായിച്ചുകൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങൾ അവമാനിക്കപ്പെടുന്നു. പെൺകുഞ്ഞുങ്ങൾക്ക് അഭിമാനപൂർവ്വം ജീവിക്കാൻ കഴിയാത്ത സാഹചര്യം. കുടുംബങ്ങളിലെ കൂട്ട ആത്മഹത്യകളും, കൊലപാതകങ്ങളും. കേരളം പോലെ സാംസ്കാരിക ഔന്നിത്യമുള്ള ഒരു സംസ്ഥാനത്ത് സംഭവിക്കാൻ പാടില്ലാത്ത ധാരാളം സംഭവങ്ങൾ നടക്കുന്നു. ഇങ്ങനെയും സംഭവിക്കുമോ എന്ന് നാം സംശയിക്കാറുണ്ട്. മൂല്യങ്ങൾക്കു വിലയില്ലാതാകുന്നുവെന്നതാണ് യാഥാർത്ഥ്യം.

ഗാന്ധി പീസ് ഫൗണ്ടേഷന് ഒരുപാടു കാര്യങ്ങൾ ചെയ്യാനുണ്ട്. അതെല്ലാം ഒറ്റപ്പെട്ട തുരുത്തുകളാണ്. അത് പ്രചാരണത്തിനുവേണ്ടിമാത്രമുള്ളതല്ല. പലപ്പോഴും ഗാന്ധിജിയെ അറിയാനും അറിയിക്കാനും ഗാന്ധിയൻ ദർശനങ്ങൾ ജനങ്ങളിലെത്തിക്കാനും ഫൗണ്ടേഷനു കഴിയുന്നുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വേണ്ട സഹായം നൽകുന്നുമുണ്ട്.

# ഗാന്ധിജിയുടെ ശബ്ദം വരും യുഗത്തിന്റേതാണ്

**ഡോ. എം.ആർ.തമ്പാൻ**
(ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)



**പ്ര**ശസ്ത ശാസ്ത്രജ്ഞനായ ഐൻസ്റ്റൈൻ പറഞ്ഞിട്ടുണ്ട്, ഇതുപോലെ ഒരു മനുഷ്യൻ, മജ്ജയും മാംസവുമുള്ള ഒരു മനുഷ്യൻ ജീവിച്ചിരുന്നുവെന്ന് അടുത്ത തലമുറ ഒരുപക്ഷെ വിശ്വസിക്കുകയില്ല. ടൈം മാഗസിൻ ഒരു സർവ്വേ നടത്തി. അതിൽ പറഞ്ഞിരിക്കുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ഏറ്റവും സർഗ്ഗപ്രതിഭയായ ധന്യനായ മനുഷ്യൻ മഹാത്മാഗാന്ധിജിയാണെന്ന്. ഗാന്ധിജിയുടെ ശബ്ദം ഈ യുഗത്തിന്റേതല്ല, അടുത്ത യുഗത്തിന്റേതാണ് എന്ന് ടാഗോർ പറഞ്ഞു. ഗാന്ധിജിയെ മഹാത്മാവെന്ന് വിശേഷിപ്പിച്ചത് ടാഗോറാണ്. ലോകത്തിലെ മഹാന്മാരെല്ലാം പ്രകീർത്തിച്ച ഗാന്ധിജിയുടെ വ്യക്തിത്വം ഒരു അരുന്ധതി റോയിയോ, അല്ലെങ്കിൽ മറ്റേതെങ്കിലും ഒരു എഴുത്തുകാരിയോ എന്തെങ്കിലും പറഞ്ഞതുകൊണ്ട് തകർന്നുപോകുന്നതല്ല.

ഗാന്ധിജിയുടെ തത്വങ്ങൾക്ക് ഓരോ ദിവസം കഴിയുംതോറും പ്രസക്തിയേറിവരികയാണ്. നെൽസൺ മണ്ടേലയും ലോക നേതാക്കളുമൊക്കെ ഇന്നും പിൻതുടരുന്നത് ഗാന്ധിമാർഗ്ഗമാണ്. സത്യവും അഹിംസയുമായിരുന്നു അദ്ദേഹത്തിന്റെ മാർഗ്ഗങ്ങൾ. അത് പ്രാവർത്തികമാക്കുവാനുള്ള ഒരായുധമായിരുന്നു സത്യഗ്രഹം. ലോകം ഇന്ന് ഗാന്ധിയൻ ചിന്തയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഗാന്ധിജി നമ്മെ ജൈവകൃഷി പഠിപ്പിച്ചു. നമ്മളത് മറന്നു. വിഷയമയമായ ഭക്ഷ്യവസ്തുക്കൾ കഴിക്കുന്ന ശീലത്തിലേക്ക് നാം നടന്നു. നിരവധി രോഗങ്ങൾ അതുമൂലം നമുക്കുണ്ടായി. ഇന്നിതാ, കുടുംബശ്രീയിലൂടെ, ജനശ്രീയിലൂടെ, കേരളത്തിന്റെ കാർഷികവകുപ്പിലൂടെ ജൈവകൃഷിയിലേക്ക് ഒരു മടക്കയാത്ര ആരംഭിച്ചിരിക്കുന്നു. അതുപോലെ ഇന്നത്തെ ചർച്ചാവിഷയം മദ്യമാണ്. 412 ബാറുകൾ തുറക്കണോ വേണ്ടയോ എന്ന ചർച്ചയിൽ തുടങ്ങി ഗാന്ധി സ്വപ്നം കണ്ട മദ്യനിരോധനത്തിലേക്ക് കേരളം നീങ്ങിക്കൊണ്ടിരിക്കുന്നു. വ്യാവസായിക രംഗം എടുക്കുകയാണെങ്കിൽ വൻകിട വ്യവസായങ്ങൾക്കൊന്നും ജനസാന്ദ്രതയേറിയ നമ്മുടെ കേരളത്തിനു സാധ്യതയില്ല. അതുകൊണ്ടുതന്നെ സർവ്വീസ് മേഖലയിലേക്കും ചെറുകിട വ്യവസായ മേഖലയിലേക്കും നമ്മൾ ഇന്ന് നീങ്ങിക്കൊണ്ടിരിക്കുന്നു. അങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലയിലേക്കും ഗാന്ധിയൻ തത്വങ്ങൾക്ക് പ്രസക്തിയും പ്രചാരവും ഏറിക്കൊണ്ടിരിക്കുകയാണ്. ആ കാലഘട്ടത്തിൽ അരുന്ധതി റോയിയേപ്പോലെയുള്ളവരുടെ നിന്ദകളൊന്നും ഗാന്ധിജിയുടെ വ്യക്തിത്വത്തിന് പ്രശസ്തിക്ക് ഒരു തകരാറും സംഭവിക്കുകയില്ല.